പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ 1 | 01.03.2010 - ൽ മറുപടിയ്ക്ക് |

## ഭവന നിർമ്മാണ ബോർഡിന്റെ ഫ്ലാറ്റുകളും പ്ലോട്ടുകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എച്ച് കുഞ്ഞമ്പു<br>ശ്രീ. കെ.വി അബ്ദുൾഖാദർ<br>ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. കെ.കെ ദിവാകരൻ<br>ശ്രീ. മഞ്ഞളാം കുഴി അലി | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഭവന നിർമ്മാണ ബോർഡിന്റെ ഫ്ലാറ്റുകളും പ്ലോട്ടുകളും അലോട്ട് മെന്റ് വ്യവസ്ഥയിൽ ഇപ്പോൾ അനുവദിക്കുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ ഏത് രീതിയിലാണ് അനുവദിക്കുന്നത്; | (ബി) | എല്ലാ വിഭാഗം ജനങ്ങൾക്കും പങ്കെടുക്കാൻ കഴിയുന്ന വിധത്തിൽ തികച്ചും സുതാര്യമായ ക്വട്ടേഷൻ/ലേലം വ്യവസ്ഥയിൽ ആണ് ഇപ്പോൾ വീടുകളും ഫ്ലാറ്റുകളും പ്ലോട്ടുകളും അനുവദിച്ചു വരുന്നത് ഓരോ പ്രദേശത്തും നിലവിലുള്ള മാർക്കറ്റ് വിലയുടെ അടിസ്ഥാന ത്തിൽ upset price നിശ്ചയിച്ചാണ് ക്വട്ടേഷൻ/ലേലം നടത്തുന്നത്. ഇതു സംബ ന്ധിച്ച് മാദ്ധ്യമങ്ങളിലൂടെ വിപുലമായ പരസ്യം നല്കുകയും ബോർഡിന്റെ വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ക്വട്ടേ ഷൻ / ലേലത്തിൽ ലഭിക്കുന്ന ഉയർന്ന വില യ്ക്കാണ് ക്വട്ടേഷൻ/ ലേലം സ്ഥിരപ്പെടുത്തുന്നത്. |
| (സി) | ഇത് മൂലം ബോർഡിന് നേട്ടമുണ്ടാ യിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കു മോ; | (സി) | ഉണ്ട്. ഓരോ പ്രദേശത്തും നിലവിലുള്ള മാർ ക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ upset price നിശ്ചയിച്ച് ക്വട്ടേഷൻ /ലേലത്തിൽ ലഭിക്കുന്ന ഏറ്റവും ഉയർന്ന വിലയ്ക്ക് യൂണിറ്റുകൾ വില്ക്കു ന്നതിനാൽ ബോർഡിന് സാമ്പത്തിക നേട്ടം |

ഉണ്ടാകുന്നുണ്ട്. ലേല വ്യവസ്ഥയനുസരിച്ച് ലേലതുകയുടെ 15% ഒരാഴ്ചയ്ക്കുള്ളിലും ബാക്കി തുക ഒരു മാസത്തിനുള്ളിലും അടക്കേണ്ടതുണ്ട്. അതിനാൽ തുക ചുരുങ്ങിയ സമയത്തിനുള്ളിൽ പിരിച്ചെടുക്കാൻ കഴിയുന്നു. നേരത്തേ അലോട്ട്മെന്റ് വ്യവസ്ഥയിൽ എല്ലാ പദ്ധതികളിലും ബോർഡിന്റെ ഹയർ പർച്ചേസ് വ്യവസ്ഥ അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ തീരെ ഡിമാന്റ് കുറവുള്ള പദ്ധതികളിൽ മാത്രമേ ഹയർ പർച്ചേസ് അനുവദിക്കുന്നുള്ളൂ. മുൻ കാലങ്ങളിൽ അലോട്ട്മെന്റ് വ്യവസ്ഥ പ്രകാരം ബോർഡ് നടപ്പിലാക്കിയ പദ്ധതികളിൽ വിറ്റ് പോകാതെ കിടന്ന യൂണിറ്റുകൾ ഇപ്രകാരം പൊതു ക്വട്ടേഷൻ/ ലേലത്തിലൂടെ വളരെ സുതാര്യമായി പരാതിക്കിടയില്ലാതെ വിറ്റഴിക്കാൻ കഴിയുന്നതു നേട്ടമാണ്.

| | | | |
|---|---|---|---|
| (ഡി) | അന്തിമ വില കണക്കാക്കി അക്കൗണ്ടുകൾ സെറ്റിൽ ചെയ്യാത്തതു കൊണ്ട് ഭവന നിർമ്മാണ ബോർഡിന്റെ അലോട്ടികൾക്ക് പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ഉണ്ട്. ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട എൽ.എ.ആർ കേസുകളും, കരാറുകാരുടെ കോടതി വ്യവഹാരങ്ങളും തീർപ്പായിട്ടില്ലാത്തതും, പദ്ധതിയിൽപ്പെട്ട പുറമ്പോക്ക് ഭൂമി സർക്കാർ വില നിശ്ചയിച്ച് അസൈൻ ചെയ്ത് നല്കിയിട്ടില്ലാത്തതുമാണ് അന്തിമ വില തീർപ്പാക്കുന്നതിൽ തടസ്സമായി നില്ക്കുന്നത്. ഇത് പരിഹരിക്കുന്നതിനായി കോടതിയിലുള്ള കേസുകൾ തീർപ്പാക്കുന്ന മുറക്ക് അന്തിമ വില കണക്കാക്കുമ്പോൾ ഗുണഭോക്താക്കൾ അടയ്ക്കേണ്ടുന്ന അധിക തുക അടയ്ക്കാമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഉപാധികളോടെയുള്ള വിലയാധാരം നല്കുക, അലോട്ട്മെന്റ് വിലയുടെയും കോടതി വ്യവഹാരങ്ങളിൽ ബോർഡ് നല്കേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്ന തുക ഉൾപ്പെടെയുള്ള മൊത്തം തുകയുടെ 30 ശതമാനം ചേർത്തുള്ള തുക കൂടുതലായി അടയ്ക്കുന്നവർക്ക് പൂർണ്ണ വിലയാധാരം നല്കുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. |

Sreelekshmi Kunji

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 2

1.3.2010 ൽ മറുപടിയ്ക്ക്

**ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം അനുസരിച്ച് വാങ്ങിയ ഗോതമ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ;<br>ശ്രീ.എം.എ.വാഹിദ് ;<br>ശ്രീ.കെ.ബാബു ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം അനുസരിച്ച് സബ്സിഡിയോടുകൂടി എത്ര ടൺ ഗോതമ്പ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ നിന്നും വാങ്ങിയെന്ന് വ്യക്തമാക്കുമോ; | എ) ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം അനുസരിച്ച് കേന്ദ്ര സർക്കാർ 2009 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിലേക്ക് 40660 മെ.ടൺ ഗോതമ്പ് അനുവദിച്ചിരുന്നു. അതിൽ നിന്ന് 23,541 മെ.ടൺ ഗോതമ്പ് സപ്ലൈകോ മുഖാന്തിരം ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് അവരുടെ നിബന്ധനകൾക്ക് വിധേയമായി വിട്ടെടുത്തിട്ടുണ്ട്. |
| ബി) കിലോഗ്രാമിന് എന്ത് വിലയ്ക്കാണ് വാങ്ങിയത് എന്ന് വ്യക്തമാക്കുമോ; | ബി) എഫ്.സി.ഐ നിശ്ചയിച്ച വാറ്റ് ഉൾപ്പെടെ 13.09 കൂടാതെ 2 രൂപാ കൈകാര്യച്ചെലവും അടക്കം 15 രൂപ 09 പൈസ നിരക്കിൽ വിട്ടെടുത്തു. |
| സി) ഈ ഗോതമ്പ് സംസ്ഥാനത്തെ റേഷൻകടകൾ വഴിയോ സപ്ലൈകോ വഴിയോ മാവേലി-ലാഭം മാർക്കറ്റുകൾ മുഖേനയോ വിറ്റുവോ ; എങ്കിൽ എന്ത് വിലയ്ക്കാണ് വിറ്റതെന്ന് വ്യക്തമാക്കുമോ; | സി) ഓണത്തിന് സ്പെഷ്യൽ ക്വാട്ടയായി ഇതിലും കുറഞ്ഞ നിരക്കിൽ (10.80 രൂപ) തന്ന എ.പി.എൽ ഗോതമ്പും അരിയും വിൽക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇപ്രകാരം സപ്ലൈകോ എഫ്.സി.ഐയിൽ നിന്ന് വിട്ടെടുത്ത ഗോതമ്പ് റേഷൻ കടകളിലൂടെയോ സപ്ലൈകോ ഔട്ട്ലെറ്റുകൾ മുഖാന്തിരമോ വിൽക്കാൻ സാധിച്ചിട്ടില്ല. |
| ഡി) മേൽപ്പറഞ്ഞ ഗോതമ്പ് മില്ലുകാർക്ക് വിറ്റിട്ടുണ്ടോ ; എങ്കിൽ ഓപ്പൺ ടെണ്ടർ വിളിച്ചാണോ നല്കിയത് ; അല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദീകരിക്കുമോ ? | ഡി) ഭക്ഷ്യ ധാന്യങ്ങളുടെ വിതരണം, സമ്പ്രദായങ്ങളും വ്യവസ്ഥകളും കേന്ദ്ര-സംസ്ഥാന സർക്കാരുടെ സംയുക്ത ചുമതലയിലുള്ളതാണ്. കേന്ദ്ര സർക്കാർ അനുവദിച്ച ഒ.എം.എസ്.എസ് പ്രകാരമുള്ള ഗോതമ്പ് സംസ്ഥാന സർക്കാർ ഏജൻസിയായ സപ്ലൈകോ മുഖാന്തിരം വിട്ടെടുത്ത് വിൽപ്പന നടത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയാണ് ഈ ഗോതമ്പ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി കച്ചവടക്കാർക്ക് / മില്ലുകൾക്ക് നല്കിയിട്ടുള്ളത്. തന്നെയുമല്ല കേന്ദ്ര സർക്കാരിന്റെ |

12.10.09 ലെ കത്തിലെ നിർദ്ദേശപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളോ സഹകരണ സംഘങ്ങളോ സ്വയം സഹായ സംഘങ്ങളോ വഴി വിതരണം ചെയ്യണമെന്ന് നിർദ്ദേശമുണ്ട്.(കത്തിന്റെ പകർപ്പ് അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്) ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഗോതമ്പ് വിട്ടെടുക്കാൻ സപ്ലൈകോയെ ചുമതലപ്പെടുത്തിയത്. സപ്ലൈകോ പത്രങ്ങളിൽ അറിയിപ്പ് നൽകി അപേക്ഷകരെ ക്ഷണിച്ച് സുതാര്യമായ രീതിയിൽ വിതരണം ചെയ്തു. കേന്ദ്ര സർക്കാർ ഗോതമ്പിനെ സംബന്ധിച്ച് നിയന്ത്രണ ഉത്തരവുകൾ എടുത്തു കളഞ്ഞതിനാൽ കേരളത്തിൽ ഗോതമ്പിനെ സംബന്ധിച്ചിടത്തോളം Bulk Consumer - Retail Consumer എന്ന തരം തിരിവില്ല. കൂടാതെ, കേന്ദ്ര സർക്കാർ നിശ്ചയിച്ച വിലയ്ക്കാണ് ഗോതമ്പ് വിതരണം ചെയ്തിട്ടുള്ളത്. ഈ വിഷയത്തിൽ എഫ്.സി.ഐ തർക്കം ഉന്നയിച്ച സന്ദർഭത്തിൽ അടിയന്തിരമായി എ.എഫ്.സി.ഐ. യുടെയും സപ്ലൈകോയുടെയും ഉന്നത ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചു കൂട്ടി ചർച്ച ചെയ്യുകയും പണം അടച്ചെങ്കിലും റിലീസ് ചെയ്യാത്ത ഗോതമ്പ് ഉടൻ റിലീസ് ചെയ്യാമെന്നും അല്ലെങ്കിൽ അതിനുവേണ്ടി എഫ്.സി.ഐയിൽ അടച്ച 15.56 കോടി രൂപ തിരിച്ചു നൽകാമെന്നു സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. (യോഗ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം ബി ആയി ചേർത്തിട്ടുണ്ട്. എന്നിരുന്നാലും എ.ജി യുടെ പ്രാഥമിക നിഗമനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പോരായ്മ സംബന്ധിച്ച് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എ.ജി യുടെ നിഗമനങ്ങളെ സംബന്ധിച്ച് സർക്കാർ വിശദീകരണവും നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 3

01.03.10-ൽ
മറുപടിക്ക്

പുതിയ റേഷൻ കാർഡുകളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് മേഴ്സിയർ :<br>" കെ.സി. ജോസഫ്:<br>" അടൂർ പ്രകാശ്: | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം 31.01.2010 ന് പൂർത്തിയായിട്ടുണ്ട്. പുതിയ റേഷൻ കാർഡുകളുടെ വിതരണം ഇതിനകം ആരംഭിച്ചിട്ടുണ്ട്. |
| (ബി) പുതിയ റേഷൻ കാർഡുകളിലുണ്ടായിട്ടുള്ള വ്യാപകമായ തെറ്റുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് 67,75,149 റേഷൻ കാർഡുകൾ പുതുക്കി ഫോട്ടോ പതിച്ച് ലാമിനേറ്റ് ചെയ്ത് നൽകുന്നത് വളരെ ശ്രമകരമായ ജോലിയാണ്. അത്തരം ജോലി സമയബന്ധിതമായി ചെയ്യുമ്പോൾ സ്വാഭാവികമായി ഉണ്ടാകുന്ന പിശകുകൾ തിരുത്തി നൽകുന്നതാണ്. കൂടാതെ കാർഡുടമകൾ പൂരിപ്പിച്ച് നൽകിയ സത്യപ്രസ്താവനാ ഫോറങ്ങളിലെ വിവരങ്ങളിൽ നിന്ന് വ്യത്യസ്തമായി തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയ റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തിയും കാർഡുകൾ തിരുത്തി നൽകുമ്പോൾ കാർഡുടമകളിൽ നിന്ന് വീണ്ടും വില ഈടാക്കേണ്ടതില്ലായെന്നും തീരുമാനിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | വിദേശ മലയാളികളുടെ പേരുകൾ റേഷൻ കാർഡിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | വിദേശ മലയാളികളുടെ പേരുകൾ റേഷൻ കാർഡിൽ ഉൾപ്പെടുത്തുന്നുണ്ട്. റേഷൻ അനുവദിക്കാതെ 'എൻ.ആർ.കെ' എന്ന് രേഖപ്പെടുത്തിയാണ് അപ്രകാരം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 4

1.3.2010 ൽ
മറുപടിയ്ക്ക്

## സ്മാർട്ട് സിറ്റി പദ്ധതി

| | ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ; | | ഉത്തരം<br>ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | സ്മാർട്ട്സിറ്റിയുമായി ബന്ധപ്പെട്ട് ദുബൈ ടീകോമുമായി സർക്കാർ ഉണ്ടാക്കിയ പാട്ടകരാറിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടോ ; കരാർ ഇപ്പോഴും പ്രാബല്യത്തിലുണ്ടോ ; | എ) | സ്മാർട്ട്സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവാകുകയുണ്ടായി. |
| ബി) | ടീകോമുമായി വീണ്ടും ചർച്ച നടത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ; എങ്കിൽ എന്ന് ; എവിടെവെച്ച് എന്ന് വ്യക്തമാക്കുമോ ; | ബി) | അടുത്ത യോഗം സംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല. |
| സി) | 12 ശതമാനം സ്വതന്ത്രാവകാശ ഭൂമി വിൽപന നടത്തില്ലെന്ന് തങ്ങൾ രേഖാമൂലം ഉറപ്പ് നൽകിയിട്ടുണ്ടെന്ന ടീകോം സി.ഇ.ഒ. യുടെ പ്രസ്താവനയോട് സർക്കാർ പ്രതികരണമെന്താണ് ; | സി) | രേഖാമൂലം ഉറപ്പ് നൽകിയിട്ടില്ല. |
| ഡി) | ടീകോമുമായുള്ള പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതിയുമായി മുന്നോട്ട് പോകാമെന്ന് സർക്കാർ കരുതുന്നുണ്ടോ ; | ഡി) | ശ്രമിച്ചുവരുന്നു. |
| ഇ) | ടീകോമിന് പകരം പുതിയ സംരംഭകരെ തേടുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം - 5 01.03.2010- ലെ മറുപടിയ്ക്ക്

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു.കുരുവിള | ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| എ) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന തടയാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 3000-ൽ പരം ഔട്ട്ലെറ്റുകൾ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ 70% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. 2007 ഡിസംബർ മുതൽ അരി വില വർദ്ധനയെ തുടർന്ന് എല്ലാ വിൽപ്പനശാലകൾ വഴിയും 14 രൂപയ്ക്ക് പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും വിതരണം ചെയ്തിരുന്നു. 2009 ഡിസംബർ മാസം മുതൽ ഈ പദ്ധതിയിൽ കൂടെ വിറ്റഴിക്കുന്ന അരിയുടെ വില കി.ഗ്രാമിന് 13 രൂപയായി കുറച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 2010 ജനുവരി മാസം വരെ 74,684 ടൺ അരിയാണ് ഇത്തരത്തിൽ വിതരണം ചെയ്തത്. ഇതുവഴി അരിവില ക്രമാതീതമായി ഉയരുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്. |

2009 ഡിസംബർ മുതൽ ഉത്സവകാലം കണക്കിലെടുത്ത് പഞ്ചസാരയുടെ വില 25 രൂപയായി കുറച്ചിരുന്നു. ഈ വില 2010 ജനുവരിയിലും തുടർന്നിരുന്നു. ഈ അവസരങ്ങളിൽ ജില്ല താലൂക്ക് കേന്ദ്രങ്ങളിൽ പീപ്പിൾസ് ബസ്സാറുകളും സ്പെഷ്യൽ ഫെയറുകളും സംഘടിപ്പിച്ചിട്ടുണ്ട്.

മൂന്നു വർഷം മുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 32 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ ഒരു കോടിയിലധികമായി ഉയർന്നു. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ജനങ്ങളിലേക്ക് എത്തുന്നുവെന്നതിന്റെ ഉത്തമോദാഹരണമാണ്. ഈ വർഷം 350 കോടി രൂപയുടെ ആനുകൂല്യമാണ് ജനങ്ങളിലെത്തിച്ചത്. കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 250 കോടി രൂപയായിരുന്നു. ശാസ്ത്രീയമായി സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുകവഴി എല്ലാ വിൽപ്പനശാലകളിലും എല്ലാസമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി. ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനില വാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

| | |
|---|---|
| | ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം ഏർപ്പെടുത്തുകവഴി വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു. (ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ജനുവരി 2010-ൽ രേഖപ്പെടുത്തിയ ഉപഭോക്തൃ സൂചിക (ലേബർ ബ്യൂറോ ഓഫ് ഇന്ത്യ) പ്രകാരം മറ്റ് 15 ഉൽപാദക സംസ്ഥാനങ്ങളേക്കാൾ വില സൂചിക കേരളത്തിൽ കുറവാണെന്ന് കാണാം) യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കാൻ റേഷൻ കാർഡുകൾവഴി വിതരണം നിയന്ത്രിക്കുകയും അതുവഴി മറിച്ചു വിൽപ്പന നടത്തുന്നതിനുള്ള സാധ്യത ഇല്ലാതാക്കുകയും ചെയ്തു. ഗോതമ്പ്പൊടിയുടെ വിലവർദ്ധന തടയുവാനായി റേഷൻകടകൾവഴി ഫോർട്ടിഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തിവരുന്നു. എ.ആർ.ഡി. ശബരിസ്റ്റോറുകൾ, തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. മേൽപ്പറഞ്ഞ നടപടികൾവഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു. കഴിഞ്ഞ ഓണക്കാലത്ത് 17.71 ലക്ഷം ബി.പി.എൽ കുടുംബങ്ങൾക്ക് അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റും, ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് 12 കി. ഗ്രാം അരി വീതവും സൗജന്യമായി |

| | |
|---|---|
| | നൽകിയിട്ടുണ്ട്. ബി.പി.എൽ/എ.എ.വൈ വിഭാഗത്തിൽപെട്ട എല്ലാ കാർഡുടമകൾക്കും എ.പി.എൽ വിഭാഗത്തിൽപെട്ട പട്ടികജാതി/പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങൾക്കും രണ്ടു രൂപ നിരക്കിൽ അരിയും ഗോതമ്പും നല്കി വരുന്നു അടുത്ത സാമ്പത്തിക വർഷം മുതൽ ഈ ആനുകൂല്യം അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ലഭ്യമാക്കുന്നതാണ്. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ളൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP യെക്കാളും 3-7ശതമാനം വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP യിൽനിന്നും കുറഞ്ഞനിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു. കൂടാതെ, സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ കീഴിൽ 5 മരുന്നു മൊത്ത വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചതുവഴി സാധാരണ ജനങ്ങൾക്ക് ആശ്വാസമായി ശരാശരി 15 ശതമാനംവരെ വിലകുറച്ച് മരുന്നുകൾ 91 സപ്ളൈകോ മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ട്. ഇതിനു പുറമേ, പൊതു വിപണിയിലേതിനേക്കാൾ |

| | |
|---|---|
| | 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ " ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു. ഇതിനുപുറമേ ജില്ലാകളക്ടർമാർ തെരഞ്ഞെടുക്കുന്ന ഹോട്ടലുകൾക്ക് സപ്ലൈകോ അവശ്യസാധനങ്ങൾ നൽകുകയും, അതുവഴി ഹോട്ടലുകളിലൂടെ വിൽക്കുന്ന ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കാനും നടപടി യെടുത്തുവരുന്നു. ഇതനുസരിച്ച് 10 മുതൽ 15 രൂപവരെ കുറഞ്ഞ നിരക്കിൽ ഉച്ചയൂണ് നൽകാൻ കഴിയും. അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഹോട്ടലുകൾക്ക് സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ നൽകി വരുന്നു.<br>നിലവിലുള്ള 10 മൊബൈൽ മാവേലിസ്റ്റോറുകൾക്ക് പുറമേ പുതുതായി 10 മൊബൈൽ മാവേലി സ്റ്റോറുകളും തുടങ്ങാൻ നടപടി സ്വീകരിച്ചു വരുന്നു കരിഞ്ചന്തയും പൂഴ്ത്തി വയ്പും തടയുന്നതിന് ജില്ലാകളക്ടറുടെ നേതൃത്വത്തിലും ഭക്ഷ്യവകുപ്പ് സെക്രട്ടറിയുടെ കീഴിലും സ്ക്വാഡുകൾ രൂപീകരിച്ച് നിരവധി റെയിഡുകൾ നടത്തി ഭക്ഷ്യവസ്തുക്കൾ കണ്ടെടുക്കുകയും ഫൈൻ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പാൽ ക്ഷാമം പരിഹരിക്കാൻ ഏതെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) മുഴുവൻ 'പാലും പാലായി തന്നെ വിതരണം നടത്തുവാനും ഡെയറികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.സർക്കാർ തലത്തിൽ നടന്ന ചർച്ചയിൽ സ്വകാര്യ ഡെയറികൾ ഗ്രാമപ്രദേശങ്ങളിൽ 25% പാൽ കൂടുതലായി വിതരണം ചെയ്യുവാൻ സമ്മതിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ മിൽമ നഗര പ്രദേശങ്ങളിൽ കൂടുതൽ പാൽ വിതരണം നടത്തുവാനും തയ്യാറാണെന്ന് അറിയിക്കുകയുണ്ടായി. |

| | |
|---|---|
| | കർണ്ണാടകയിൽ പാൽ ഉല്പാദനം കുറഞ്ഞതിനാൽ പാൽ ഷോളാപൂരിൽ നിന്നും ഇറക്കുമതി ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മിൽമ ഡബിൾ ടോൺഡ് പാൽ ഉല്പാദനം കൂട്ടി നഗര പ്രദേശങ്ങളിൽ ആവശ്യാനുസരണം പാൽ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് കൂടാതെ മഹാരാഷ്ട്രയിൽ നിന്നും പാൽപ്പൊടി വാങ്ങുന്നതിനുള്ള ചർച്ചകളും കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ നടത്തിയിട്ടുണ്ട്.<br><br>സെക്ഷൻ ആഫീസർ |

## പന്ത്രണ്ടാം കേരള നിയമസഭ - പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 6 — 1.3.2010-ൽ മറുപടിയ്ക്ക്

# 2010-11-ലെ വാർഷിക പദ്ധതി വിഹിതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) 2010-11-ലേക്കുള്ള വാർഷിക പദ്ധതി ആവിഷ്കരിച്ചുവോ ; | (എ) 2010-11-ലേക്കുള്ള **വാർഷിക പദ്ധതിയുടെ** കരട് നിർദ്ദേശം സംസ്ഥാന **സർക്കാർ** അംഗീകരിച്ച് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വർഷം പദ്ധതിക്ക് എത്ര തുക നീക്കിവയ്ക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) പദ്ധതിയിനത്തിൽ **10,000 കോടി** (പതിനായിരം കോടി) രൂപ നീക്കി **വെയ്ക്കാനാണ് നിർദ്ദേശിച്ചി**ട്ടുള്ളത്. |
| (സി) കീ സെക്ടറുകൾക്ക് എത്ര രൂപ നീക്കിവയ്ക്കും ; | (സി) അടുത്ത സാമ്പത്തിക **വർഷ**ത്തേക്കുള്ള ബഡ്ജറ്റ് അവതരണത്തിനും **പ്ലാനിംഗ്** കമ്മീഷ**ന്റെ പദ്ധതി** അംഗീകാരത്തിനും **ശേഷം മാത്രമേ ഇതു** സംബ**ന്ധിച്ച വിവരം അന്തിമമായി അറിയുവാൻ കഴിയു**കയുള്ളൂ. |
| (ഡി) കേന്ദ്രത്തിൽ നിന്നും പദ്ധതി സഹായമായി എത്ര തുക ലഭിക്കും ; | (ഡി) പദ്ധതി അടങ്കൽ **സംബന്ധിച്ച** കേന്ദ്ര ആസൂത്ര**ണ** കമ്മീഷന്റെ അംഗീകാരം **ലഭിച്ച ശേഷമേ ഇതു** സംബന്ധിച്ച വിവരം തിട്ട**പ്പെ**ടുത്താൻ സാധിക്കുകയുള്ളൂ. |
| (ഇ) ബാക്കി തുക എപ്രകാരം കണ്ടെത്താമെന്നാണ് കരുതുന്നത് ; | (ഇ) കേന്ദ്രത്തിൽ നിന്നും **സംസ്ഥാന പദ്ധതി**ക്കുള്ള സഹായമായി ലഭിക്കുന്ന തുകയ്ക്ക് പുറമെ **കേന്ദ്ര** സർക്കാർ അനുമതി നൽകുന്ന **കട**മെടുപ്പു **പരിധി**യിൽ നിന്നു കൊണ്ട് മാർക്കറ്റ് **ബോറോ**യിംഗ്, ആഭ്യന്തര ഏജൻസികളിൽ നിന്നുള്ള കടമെടുപ്പ്, പ്രോവിഡന്റ് ഫണ്ടിൽ നിന്നുള്ള കടമെടുപ്പ്, ദേശീയ ലഘു സമ്പാദ്യ ഫണ്ടിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ എന്നീ **സ്രോതസ്സുകളിൽ** നിന്നും വായ്പയെടുക്കുന്നതാണ്. ഇതു കൂടാതെ സംസ്ഥാനം നടപ്പിലാക്കുന്ന വിദേശ **സഹായ** പദ്ധതികൾക്ക് വിദേശ വായ്പാ ഏജൻസി**കളി**ൽ നിന്നും **വായ്പ** ലഭിക്കുന്നതാണ്. ഇതിനോ**ടൊപ്പം** കെ.**എസ്**.ഇ.ബി., തദ്ദേശസ്വയം**ഭരണ സ്ഥാപന**ങ്ങൾ **എന്നിവ**യുടെ **വിഹി**തവും ലഭ്യമാക്കു**ന്നതാണ്.** |

| | |
|---|---|
| (എഫ്) മുൻ വർഷങ്ങളിലെപ്പോലെ പദ്ധതി തുക വെട്ടിക്കുറയ്ക്കാതിരിക്കുവാൻ എന്തെല്ലാം മുൻകരുതൽ എടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | (എഫ്) 2006-06 സാമ്പത്തിക വർഷം മുതൽ പദ്ധതി തുകയിൽ വെട്ടിക്കുറവ് ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 7 | 01 - 03 - 2010 ൽ മറുപടിക്ക്

## പ്രവാസി ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. വി. എസ്. സുനിൽ കുമാർ :<br>ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീമതി. ഇ. എസ്. ബിജി മോൾ :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവാസി ക്ഷേമ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) പ്രവാസി ക്ഷേമനിധിയും പ്രവാസി ക്ഷേമ പദ്ധതികളും നടപ്പിലാക്കുന്നതിനായി സർക്കാർ നോർക്ക വകുപ്പിൻ കീഴിൽ പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് രൂപീകരിച്ചു. കൂടാതെ നോർക്ക റൂട്ട്സ് മുഖേന 'സാന്ത്വനം' എന്ന സാമ്പത്തിക സഹായ പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (സി) പ്രവാസി ക്ഷേമപദ്ധതിയിൽ ഇതിനകം എത്രപേർ അംഗങ്ങളായി; | ( സി ) 2010 ഫെബ്രുവരി 15 വരെ 22,000 പേർ പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളാകാനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

(ഡി) ഈ ക്ഷേമപദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രവാസി കേരളീയ ക്ഷേമനിധി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ ആനുകൂല്യ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

1. 60 വയസ്സ് പൂർത്തിയാക്കിയവരും അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ .

2. അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ചിട്ടുള്ളതുമായ അംഗത്തിന് മരണം സംഭവിച്ചാൽ ആശ്രിതർക്ക് കുടുംബ പെൻഷൻ.

3. അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം സംഭവിക്കുകയോ മരണം സംഭവിക്കുകയോ ചെയ്താൽ സാമ്പത്തിക സഹായം.

4. അപകടം , രോഗം എന്നിവ മൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം.

5. അംഗത്തിന് പ്രത്യേക ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ അതിനുള്ള സഹായം.

6. വനിതാംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും.

7. വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള സാമ്പത്തിക സഹായം, വായ്പ.

8. മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം, വായ്പ.

| | |
|---|---|
| | ൯. പ്രവാസ ജീവിതം കഴിഞ്ഞു മടങ്ങി വരുന്നവർക്ക് സ്വയം തൊഴിൽ ധനസഹായം, വായ്പ. |
| (ഇ) പ്രവാസികളായിരിക്കെ മരണമടയുന്നവരുടെ വിധവകൾക്ക് എന്തെങ്കിലും ക്ഷേമാനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (ഇ) പ്രവാസികളായിരിക്കെ മരണമടയുന്നവരുടെ വിധവകൾക്ക് മാത്രമായി പ്രത്യേക ആനുകൂല്യങ്ങൾ പദ്ധതിയിൽ ഇല്ല. എന്നാൽ വിധവകളടക്കമുള്ള ആശ്രിതർക്ക് ധനസഹായം നൽകാൻ വ്യവസ്ഥയുണ്ട്. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 8

1.3.2010 ൽ
മറുപടിയ്ക്ക്

## സ്മാർട്ട് സിറ്റിക്ക് സ്വതന്ത്രാവകാശമായി നൽകേണ്ട ഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ഡി. സതീശൻ ;<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ;<br>ശ്രീ. കെ. ശിവദാസൻ നായർ ; | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) | |
| എ) | സ്മാർട്ട്സിറ്റിക്ക് എത്ര ഏക്കർ ഭൂമിയാണ് സ്വതന്ത്രാവകാശമായി നൽകേണ്ടത് ; | എ) | ഇതു സംബന്ധിച്ച് ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ clause 5.4 താഴെപ്പറയും പ്രകാരമാണ്.<br><br>**"Upon completion of master plan that determines different plots among other things, SPV will identify plots to be converted to freehold and such plots will be converted to free hold by GoK forthwith without any further consideration or charges. Cumulative area of the plots converted to freehold will not exceed 12% of the total land area at any point of time".** |
| ബി) | സ്വതന്ത്രാവകാശമായി ലഭിക്കുന്ന ഭൂമി വിൽക്കുകയില്ലെന്ന് സർക്കാരിന് രേഖാമൂലം സ്മാർട്ട്സിറ്റി അധികൃതർ ഉറപ്പ് നൽകിയിട്ടുണ്ടോ ; | ബി) | ഇല്ല. |
| സി) | എങ്കിൽ ടീകോം അധികൃതരും ഗവൺമെന്റും തമ്മിൽ അവശേഷിക്കുന്ന അഭിപ്രായ വ്യത്യാസങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ? | സി) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
### നക്ഷത്ര ചിഹ്നമിട്ടചോദ്യം നം - 9      01.03.2010- ൽ മറുപടിയ്ക്ക്
### വിലക്കയറ്റം തടയാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.എ.സി.മൊയ്തീൻ<br>പ്രൊഫ.സി.രവീന്ദ്ര നാഥ്<br>ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ)നിത്യോപയോഗ സാധനങ്ങൾക്ക് അനുഭവപ്പെടുന്ന രൂക്ഷമായ വിലക്കയറ്റം തടയാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ 70% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. 2007 ഡിസംബർ മുതൽ അരി വില വർദ്ധനയെ തുടർന്ന് എല്ലാ വിൽപ്പനശാലകൾ വഴിയും 14 രൂപയ്ക്ക് പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും വിതരണം ചെയ്തിരുന്നു. 2009 ഡിസംബർ മാസം മുതൽ ഈ പദ്ധതിയിൽ കൂടെ വിറ്റഴിക്കുന്ന പച്ചരിയുടേയും പുഴുക്കലരിയുടേയും വില കി.ഗ്രാമിന് 13 രൂപയായി കുറച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 2010 ജനുവരി മാസം വരെ 74,684 ടൺ അരിയാണ് ഇത്തരത്തിൽ വിതരണം ചെയ്തത്. ഇതുവഴി അരിവില ക്രമാതീതമായി |

ഉയരുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്. 2009 ഡിസംബർ മുതൽ ഉത്സവകാലം കണക്കിലെടുത്ത് പഞ്ചസാരയുടെ വില 25 രൂപയായി കുറച്ചിരുന്നു. ഈ വില 2010 ജനുവരിയിലും തുടർന്നിരുന്നു.
മൂന്നുവർഷംമുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 32 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ ഒരു കോടിയിലധികമായി ഉയർന്നു. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ജനങ്ങളിലേക്ക് എത്തുന്നു വെന്നതിൻെറ ഉത്തമോദാഹരണമാണ്. ഈ വർഷം 350 കോടി രൂപയുടെ ആനുകൂല്യമാണ് ജനങ്ങളിലെത്തിച്ചത്.
കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 250 കോടി രൂപയായിരുന്നു.
(ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ജനുവരി 2010-ൽ രേഖപ്പെടുത്തിയ ഉ പഭോക്തൃ സൂചിക (ലേബർ ബ്യൂറോ ഓഫ് ഇന്ത്യ) പ്രകാരം മറ്റ് 15 ഉൽപാദക സംസ്ഥാനങ്ങളേക്കാൾ വില സൂചിക കേരളത്തിൽ കുറവാണെന്ന് കാണാം)
ശാസ്ത്രീയമായി സ്റ്റോക്ക് മാനേജ്മെൻറ് നടപ്പിലാക്കുകവഴി എല്ലാ വിൽപ്പനശാലകളിലും എല്ലാസമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി. ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും

ഉൽപ്പന്നത്തിന്റെ ഗുണനില വാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം ഏർപ്പെടുത്തുകവഴി വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കാൻ റേഷൻ കാർഡുകൾവഴി വിതരണം നിയന്ത്രിക്കുകയും അതുവഴി മറിച്ചു വിൽപ്പന നടത്തുന്നതിനുള്ള സാധ്യത ഇല്ലാതാക്കുകയും ചെയ്തു. ഗോതമ്പ്പൊടിയുടെ വിലവർദ്ധന തടയുവാനായി റേഷൻകടകൾവഴി ഫോർട്ടി ഫൈഡ് ആട്ട കിലോക്കു 12 രൂപയ്ക്കു വിതരണം നടത്തിവരുന്നു. എ.ആർ.ഡി. ശബരിസ്റ്റോറുകൾ, തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. മേൽപ്പറഞ്ഞ നടപടികൾവഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു. കഴിഞ്ഞ ഓണക്കാലത്ത് 17.71 ലക്ഷം ബി.പി.എൽ കുടുംബങ്ങൾക്ക് അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റും, ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് 12 കി. ഗ്രാം അരി വീതവും സൗജന്യമായി

നൽകിയിട്ടുണ്ട്.ബി.പി.എൽ/എ.എ.വൈ വ വിഭാഗത്തിൽപെട്ട എല്ലാ കാർഡുട മകൾക്കും എ.പി.എൽ വിഭാഗത്തിൽപെട്ട പട്ടികജാതി/പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങൾക്കും രണ്ടു രൂപ നിരക്കിൽ അരിയും ഗോതമ്പും നല്കി വരുന്നു അരിയും പലവ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ
വിതരണത്തിലും സപ്ലൈകോ ഇടപെടുന്നുമുണ്ട് FMCG സാധനങ്ങൾ MRP യേക്കാളും
3–7 ശതമാനം വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP യിൽനിന്നും കുറഞ്ഞനിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു.
തീരപ്രദേശത്തും ആദിവാസി കേന്ദ്രങ്ങളിലും മൊബൈൽ മാവേലിസ്റ്റോറുകൾ അത്യാവശ്യ സാധനങ്ങൾ വിതരണം നടത്തുന്നു.

കൂടാതെ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ 5 മരുന്നു മൊത്ത വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചതുവഴി സാധാരണ ജനങ്ങൾക്ക് ആശ്വാസമായി ശരാശരി 15 ശതമാനംവരെ വിലകുറച്ച്
മരുന്നുകൾ 91 സപ്ലൈകോ മെഡിക്കൽസ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ട്. ഇതിനു

പുറമേ,
പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില,കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ " ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു. ഇതിനുപുറമേ ജില്ലാ. കളക്ടർമാർ തെരഞ്ഞെടുക്കുന്ന ഹോട്ടലുകൾക്ക് സപ്ലൈകേ അവശ്യസാധനങ്ങൾ നൽകുകയും, അതുവഴി ഹോട്ടലുകളിലൂടെ വിൽക്കുന്ന ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കാനും നടപടി യെടുത്തുവരുന്നു. ഇതനുസരിച്ച് 10 മുതൽ 15 രൂപവരെ നിരക്കിൽ ഉച്ചയൂണ് നൽകാൻ കഴിയും. അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഹോട്ടലുകൾക്ക് സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ നൽകി വരുന്നു.അടുത്ത സാമ്പത്തിക വർഷം 10 മൊബൈൽ മാവേലി സ്റ്റോർ ആരംഭിക്കുകയും 250 പുതിയ മാവേലി സ്റ്റോർ ആരംഭിക്കുകയും 100 മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി മാറ്റും. സപ്ലൈകോയുടെ കമ്പോള വിഹിതം 30 ൽ നിന്നും 35% മായി ഉയർത്തും
കൃത്രിമ വിലക്കയറ്റത്തിനു കാരണമാകുന്ന കരിഞ്ചന്ത,പൂഴ്ത്തി വയ്പ് എന്നിവ തടയുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് ഒറ്റയ്ക്കും ലീഗൽ മെട്രോളജി, പോലീസ് തുടങ്ങിയ വകുപ്പുകളുമായി ചേർന്നും റെയ്ഡുകൾ നടത്തി വരുന്നുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ ഉപഭോക്തൃ ഉപദേശകവിജിലൻസ് സമിതികൾ എന്നിവയും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രസർക്കാർ വെട്ടിക്കുറച്ച റേഷൻ പുനഃസ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് | (ബി )- ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെട്ടിക്കുറച്ച റേഷൻ വിഹിതം പുനസ്ഥാപിക്കാനും കൂടുതൽ റേഷൻ വിഹിതം അനുവദിക്കുന്നതിനുമായി ബഹു.ഭക്ഷ്യമന്ത്രിയുടെ നേതൃത്വത്തിൽ ധാരാളം നിവേദനങ്ങൾ പ്രധാനമന്ത്രിക്കും കേന്ദ്ര ഭക്ഷ്യമന്ത്രിക്കും സമർപ്പിക്കുകയുണ്ടായി . കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം കേന്ദ്രസർക്കാരുമായി ചർച്ചകൾ നടത്തുകയുണ്ടായി. അനുകൂലമായ നടപടികൾ ഉണ്ടാകാത്ത സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽഎം.എൽ.എ മാർ എം.പി മാർ മന്ത്രിമാർ എന്നിവർ പാർലമെന്റിനു മുമ്പിൽ ധർണ്ണ നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി റേഷൻ വിഹിതം പുനഃ സ്ഥാപിച്ചില്ലെങ്കിലും അഡീഷണൽ/അഡ്ഹോക് അലോട്ട്മെൻറ് ആയി 2009-10 വർഷത്തിൽ പ്രതിമാസം 19000 മെ.ടൺ അരി അനുവദിക്കുകയുണ്ടായി. |
| (സി) സ്പെഷ്യൽ ക്വാട്ടയായി അനുവദിക്കുന്ന റേഷൻ അരിയുടെ വില വർദ്ധിപ്പിച്ച കേന്ദ്ര നടപടി പിൻവലിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്ര നിലപാട് എന്താണ്; | (സി) കേന്ദ്രസർക്കാർ സ്പെഷ്യൽ ക്വാട്ടയായി അനുവദിച്ച റേഷനരിയുടെ വില കുറച്ച് സാധാരണ റേഷനരിയുടെ നിരക്കിൽ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യ പ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാർ നിരക്ക് കുറച്ചിട്ടില്ല. മാത്രമല്ല, 2009 ഓണ ക്കാലത്ത് ഉയർന്ന നിരക്കിൽ അനുവദിച്ചതിനേക്കാൾ കൂടിയ നിരക്കിലാണ് 2010 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ അഡീ ഷണൽ അരി അനുവദിച്ചത്. |

| | |
|---|---|
| (ഡി) വിലക്കയറ്റം നിയന്ത്രിക്കാൻ കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) വിലക്കയറ്റം നിയന്ത്രിക്കാൻ കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ട്. എ.പി.എൽ വിഭാഗത്തിനുള്ള അലോട്മെൻറ് വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന് നിരവധി നിവേദനങ്ങൾ നല്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ റേഷൻ നിരക്കിൽ അരിയും ഗോതമ്പും അനുവദിക്കുന്നതിനു പകരം ഉയർന്ന നിരക്കിലുള്ള അരിയും ഗോതമ്പും അനുവദിക്കുകയാണ് ഉണ്ടായത്. 8.90 രൂപ വിലയ്ക്കുള്ള അരിയ്ക്ക് പകരം 16.20 രൂപയ്ക്കും 6.70 രൂപ നിരക്കിലുള്ള ഗോതമ്പിനു പകരം 11.60 രൂപ നിരക്കിലുള്ള ഗോതമ്പും അനുവദിക്കുകയാണുണ്ടായത്.<br>വിലക്കയറ്റം ഉണ്ടാക്കുക എന്ന ദുരുദ്ദേശത്തോടെയാണ് കേന്ദ്രഗവൺമെന്റ് ബാഹ്യശക്തികളുടെ പ്രേരണയാൽ കുറഞ്ഞ നിരക്കിൽ നൽകേണ്ട എ.പി.എൽ അരി/ഗോതമ്പ് എന്നിവ OMSS Scheme പ്രകാരം diversion നടത്തി കൂട്ടി വിൽക്കുന്നത്. കൂടാതെ പഞ്ചാബ് പോലുള്ള സംസ്ഥാനങ്ങളിൽ നിന്നും അരി/ഗോതമ്പ് എന്നിവ കർഷകരിൽ നിന്നും സംഭരിക്കാതെ കൃഷിയിടങ്ങളിൽ കിടന്ന് നശിച്ചാൽ പോലും മറ്റ്സംസ്ഥാനങ്ങൾക്ക് നൽകരുത് എന്ന് കേന്ദ്ര നിലപാടും പി.എം-നെ വിളിച്ച് കൂടിയ മീറ്റിംഗിൽ ഉയർന്നുവന്ന പ്രകാരം അടിക്കടി ഉണ്ടാകുന്ന Election fund mobilisation ഉം Retail രംഗത്ത് അനുവദിച്ച FDI ഉം വിലക്കയറ്റത്തിന് കാരണമായിട്ടുണ്ട്. MIO ആവശ്യമായ തുകയുടെ 50% കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| ഇ) രണ്ടു രൂപ നിരക്കിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് അരിയും ഗോതമ്പും വിതരണം ചെയ്യുന്നത്:<br>എഫ്) ഈ ഇനത്തിൽ സർക്കാരിന് ഒരു വർഷം വരുന്ന അധിക ബാദ്ധ്യത വിശദീകരിക്കുമോ ? | (ഇ)&(എഫ്) ബി.പി.എൽ വിഭാഗക്കാർക്ക് അരിയും ഗോതമ്പും ഉൾപ്പെടെ 25 കിലോയും എ.എ.വൈ വിഭാഗത്തിൽ പെട്ട കാർഡുടമകൾക്ക് 35 കിലോ അരിയും എ.പി.എൽ വിഭാഗത്തിൽ പെട്ട പട്ടികജാതി/പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ആശ്രയ പദ്ധതിയിൽ പെട്ട കുടുംബങ്ങൾക്കു 10 കിലോ അരിയും രണ്ടു കിലോ ഗോതമ്പും വീതമാണ് രണ്ടു രൂപ നിരക്കിൽ അനുവദിച്ചു വരുന്നത്.<br>ഈ ഇനത്തിൽ 2009-10 വർഷത്തേക്ക് 196.15 കോടി രൂപ സർക്കാരിന് ചെലവായിട്ടുണ്ട്. 2010-11 വർഷത്തേക്ക് ഉദ്ദേശം 228 കോടി രൂപ ഈയിനത്തിൽ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.2010-11 സാമ്പത്തിക വർഷത്തിൽ രണ്ടു രൂപാ നിരക്കിൽ അരി സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും നൽകുന്നതാണ്. |

(ഒപ്പ്)
സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 10

1.3.2010 ൽ
മറുപടിയ്ക്ക്

## ഐ.ടി. മേഖലയുടെ വികസനത്തിന് നടപടികൾ

**ചോദ്യം**

ശ്രീ. മുരളി പെരുനെല്ലി ;
ശ്രീ. കെ.വി. അബ്ദുൾ ഖാദർ ;
ശ്രീ. ബാബു എം. പാലിശ്ശേരി ;
ശ്രീ. കെ.ടി. ജലീൽ ;
ശ്രീ. എ. പ്രദീപ് കുമാർ ;

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) സംസ്ഥാനത്ത് ഐ.ടി. മേഖലയുടെ വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

ബി) ഐ.ടി. പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

സി) നിലവിലുള്ള ഐ.ടി. പാർക്കുകൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(എ), (ബി) ആന്റ് (സി)

സംസ്ഥാനത്ത് ഐ.ടി. മേഖലയുടെ വികസനത്തിനായി നിരവധി പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളെ കുറിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

ഡി) കേരളത്തിലേയ്ക്ക് കൂടുതൽ ഐ.ടി. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

ഡി) കേരളത്തിലുള്ള എല്ലാ ഐ.ടി. പാർക്കുകളുടെയും ഏകീകൃതമായ ഒരു ബ്രാൻഡ് നെയിം ആയ Kerala IT ആവിഷ്കരിക്കുകയും വെബ്സൈറ്റിൽ ഇതിന്റെ പൂർണ്ണ വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഐ.ടി. മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രാജ്യത്തിനകത്തും പുറത്തുമുള്ള ഐ.ടി. സ്ഥാപനങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനു വേണ്ടിയുള്ള ചർച്ചകൾ, പരസ്യങ്ങൾ, പ്രദർശനങ്ങൾ മുതലായവ നടത്തിക്കൊണ്ടിരിക്കുന്നു. വർഷംതോറും ജർമ്മനിയിൽ നടക്കുന്ന CEBIT, ദുബായിൽ നടക്കുന്ന GITEX എന്നീ ഐ.ടി. പ്രദർശന മേളകളിൽ കേരളവും സ്ഥിരമായി പങ്കെടുത്തു വരുന്നുണ്ട്. ഈ പ്രദർശന മേളകളിലെ പങ്കാളിത്തം രാജ്യാന്തര ഐ.ടി. സംരംഭകരുമായി കേരളത്തിലെ ഐ.ടി. മേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുവാനും അവരെ കേരളത്തിലേക്ക് ക്ഷണിക്കുവാനും സഹായകരമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 11 — 01/03/2010 - ൽ മറുപടിക്ക്.

### ഉൾനാടൻ ജലപാതകളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.ബി.രാഘവൻ<br>ശ്രീ.സി.കെ.സദാശിവൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഉൾനാടൻ ജലപാതകളുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാനത്തെ ഉൾനാടുകളെ തീരദേശ പട്ടണങ്ങളുമായി ബന്ധിപ്പിക്കുന്ന എളുപ്പമാർഗ്ഗമെന്ന നിലയിലും, വിനോദ സഞ്ചാര വികസനം ലക്ഷ്യമാക്കിയും വിവിധ വികസന പ്രവർത്തനങ്ങളാണ് ഉൾനാടൻ ജലഗതാഗത മേഖലയിൽ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നത്. സംസ്ഥാനത്തെ ജലഗതാഗത മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള പശ്ചിമതീര കനാലും, ചമ്പക്കര, ഉദ്യോഗമണ്ഡൽ കനാലുകളും ദേശീയ ജലപാത നം:3 ആയി കേന്ദ്രസർക്കാർ പ്രഖ്യാപിക്കുകയും, അതിന്റെ വികസന സംരക്ഷണ പണികൾ ദേശീയ ജലപാത അതോറിറ്റിയുടെ ചുമതലയിലും നടന്നു വരുന്നു. സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ നവീകരണത്തിനും വികസനത്തിനുമായി 12-ാം ധനകാര്യ കമ്മീഷൻ 225 കോടി രൂപയുടെ പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പശ്ചിമതീര കനാലിന്റെ കോവളം മുതൽ കൊല്ലം വരെയും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുമുള്ള 422 കി.മീ. സംസ്ഥാന ജലപാതയായി വികസിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. കൂടാതെ ഉൾനാടുകളെ സംസ്ഥാന ജലപാതയുമായും, ദേശീയ ജലപാതയുമായും ബന്ധിപ്പിക്കുന്ന പ്രധാന ഉപപാതകളുടെ നവീകരണവും, കാർഗോ ടെർമിനലുകൾ, ബോട്ടുജെട്ടികൾ, പാലങ്ങൾ ഇവയുടെ നവീകരണവും വികസനവും ലക്ഷ്യമിടുന്നു. |

| | | |
|---|---|---|
| (ബി) ഉൾനാടൻ ജലപാതകളെ തുറമുഖങ്ങളുമായി ബന്ധപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ; | : | (ബി) ഉൾനാടൻ ജലപാതയെ കൊച്ചി തുറമുഖവും എയർപോർട്ടുമായി ബന്ധപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിനായിട്ടുള്ള പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പണി കെ.എസ്.ഐ.എൻ.സി.യെ ഏൽപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ ജലപാതാശൃംഖല പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനായി നടപടികൾ സ്വീകരിക്കുമോ ; | : | (സി) സംസ്ഥാനത്തെ ജലപാത ശൃംഖല പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതു സംബന്ധിച്ച് പ്രത്യേകിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ 12-ാം ധനകാര്യ കമ്മീഷന്റെ പണികളുടെ നടത്തിപ്പിലേയ്ക്കായി ജലസേചന വകുപ്പ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) ദേശീയ ജലപാത - 3 കണ്ടെയ്നർ ഗതാഗതത്തിന് പ്രയോജനപ്പെടുത്താനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | : | (ഡി) ദേശീയ ജലപാത - 3 ന്റെ വിവിധ റീച്ചുകളിലായി നടന്നു വരുന്ന പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് കണ്ടെയ്നർ ഗതാഗതത്തിന് ഉതകും വിധമാണ് നടപടി സ്വീകരിച്ചു വരുന്നത്. പ്രസ്തുത വികസന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആക്കുന്നതിനു വേണ്ടി പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ബാക്കി വന്നേയ്ക്കാവുന്ന 136.45 കോടി രൂപയുടെ പണികൾ കേരള സംസ്ഥാന ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

Lalithambika O (signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :**12**.

1..3..2010-ൽ മറുപടിക്ക്

### ''പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ''

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എ.കെ. ചന്ദ്രൻ എം.എൽ.എ.:**<br>**ശ്രീ. എൻ. രാജൻ എം.എൽ.എ.:**<br>**ശ്രീ. കെ. അജിത് എം.എൽ.എ:**<br>**ശ്രീ. പള്ളിപ്രം ബാലൻ എം.എൽ.എ.:**<br>**ശ്രീ. ബാബു പോൾ എം.എൽ.എ.:** | **ശ്രീ. സി. ദിവാകരൻ**<br>**ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്ത് പ്രതിദിനം ആവശ്യമായ പാലിന്റെ അളവ് എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ലിറ്റർ; | (എ) സംസ്ഥാനത്ത് ഉപഭോഗത്തിനായി ഇപ്പോൾ പ്രതിദിനം ഏകദേശം 75 ലക്ഷം ലിറ്റർ പാൽ ആവശ്യമുള്ളതായി കണക്കാക്കപ്പെടുന്നു. |
| (ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും പ്രതിദിനം പാൽ സംസ്ഥാനത്ത് എത്തുന്നുണ്ടോ; ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാൽ വീതം എത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്, ഫെബ്രുവരി മാസത്തിൽ പ്രതിദിനം മിൽമ തമിഴ്നാട്ടിൽ നിന്നും 65000 ലിറ്ററും മഹാരാഷ്ട്രയിൽ നിന്നും 45000 ലിറ്ററും പാൽ സംഭരിക്കുന്നുണ്ട്. |
| (സി) സുലഭമായി പാൽ ലഭിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ നിന്നും മിൽമ പിൻമാറണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; അവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) ഉല്പാദനം വർദ്ധിപ്പിച്ച് പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി 3 കോടി രൂപാ ചെലവിൽ പശുഗ്രാമം, 44 കോടി രൂപയുടെ വിദർഭ പാക്കേജ്, 6 കോടി രൂപയുടെ മിൽക്ക് ഷെഡ് പ്രോഗ്രാം, സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായിട്ടുള്ള ക്ഷീര വികസന പദ്ധതികൾ, ഇതിനുപുറമെ, തീറ്റപ്പുൽ കൃഷി വികസനവും വിജ്ഞാപനവും ബോധവൽക്കരണവും, ക്ഷീര സംഘങ്ങളുടെ ആധുനികവൽക്കരണം, കാലിത്തീറ്റ സബ്സിഡി, ഗോസുരക്ഷ, ഗോസമൃദ്ധി, ക്ഷീരധാര, പ്രത്യേക കന്നുകുട്ടിപരിപാലനം, സങ്കര പ്രജനന പദ്ധതി, |

കാലിരോഗ നിർമ്മാർജ്ജനം, വന്ധ്യതാ നിവാരണം, സംയോജിത കന്നുകാലി വികസനം, കാഫ് കെയർ കിറ്റുകളുടെ വിതരണം, അകിടുവീക്ക രോഗ നിയന്ത്രണം, മുന്തിയയിനം വിത്തുകാളകളുടെ ഇറക്കുമതി, സംരംഭക മൂലധനനിധി, ഗർഭിണി-കറവപ്പശുക്കൾക്ക് ധാതുലവണ മിശ്രിതം, വിരമരുന്ന് തുടങ്ങിയവയുടെ വിതരണം, ജീവരേഖ, രാഷ്ട്രീയ കൃഷി വികാസ് യോജന തുടങ്ങിയ വിവിധ പദ്ധതികൾ ക്ഷീര വികസന-മൃഗസംരക്ഷണ വകുപ്പുകളും, കെ.എൽ.ഡി. ബോർഡും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ, മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്റൻസീവ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം (ഐ.ഡി.ഡി.പി.), ക്ലീൻ മിൽക്ക് പ്രോഗ്രാം (സി.എം.പി.), പ്രത്യേക ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പദ്ധതി (ഐ.ഡി.ഡി.) എന്നിവ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികളാണ്. ഇവയ്ക്കു പുറമെ, ഈ സാമ്പത്തിക വർഷം, കർഷകർ സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് കിലോയ്ക്ക് 50 പൈസ നിരക്കിൽ സബ്സിഡി നൽകുന്ന പദ്ധതിയ്ക്കായി 2.75 കോടി രൂപയും, കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് 30 ലക്ഷം രൂപയും, കേരളാ സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് 1.5 കോടി രൂപയും, മലബാർ മേഖലാ യൂണിയന് 65 ലക്ഷം രൂപയും പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി വ്യത്യസ്ത പദ്ധതികൾക്കായി സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

എല്ലാ മാസവും ജില്ലാ-സംസ്ഥാന തലത്തിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ പാലുല്പാദനം 2006-07 സാമ്പത്തിക വർഷം 21.19 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2007-08 ൽ 22.48 ലക്ഷം മെട്രിക് ടണ്ണായും, 2008-09 ൽ 24.63 ലക്ഷം മെട്രിക് ടണ്ണായും വർദ്ധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 13 01 - 03 - 2010 ൽ മറുപടിക്ക്

<u>പ്രവാസി ക്ഷേമപ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| <u>ശ്രീ. പി. കെ. അബ്ദുറബ്ബ് :</u><br><u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :</u> | <u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u><br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ വിശദമാക്കുമോ ; | (എ) പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി എന്ന പേരിൽ പ്രവാസികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും അടക്കം നൽകുന്ന പദ്ധതി ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്രപേരെ ഈ പദ്ധതിയിൽ ചേർത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) 2009 ഫെബ്രുവരി 28 - ന് പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2010 ഫെബ്രുവരി 15 വരെ 22000 പേർ പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളാകാൻ വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) ഇത് കേന്ദ്ര സർക്കാർ നയപരമായി തീരുമാനിക്കേണ്ട വിഷയമാണെങ്കിലും സംസ്ഥാന സർക്കാർ ഈ വിഷയം ഇതിനകം തന്നെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 14 — 01.3.2010 - ൽ മറുപടിയ്ക്ക്

**സംവരണ സമുദായങ്ങളിലുള്ളവർക്ക് സംവരണ നഷ്ടം**

| ചോദ്യം<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | ഉത്തരം<br>ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) പട്ടികജാതി, പട്ടികവർഗ്ഗ സമുദായങ്ങൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും മെറിറ്റിലും നിയമനം ലഭിക്കാൻ അവകാശമുണ്ടെന്നും, അങ്ങനെ മെറിറ്റിൽ നിയമനം ലഭിച്ചാൽ സംവരണ സീറ്റുകളുടെ എണ്ണത്തെ ഒരു കാരണവശാലും ബാധിക്കരുതെന്നുമുള്ള കെ.എസ് & എസ്.എസ്.ആർ 14 (ബി) വ്യവസ്ഥ കർശനമായും പാലിച്ച് സംവരണ സമുദായങ്ങൾക്ക് മെറിറ്റിൽ നിയമനം ലഭിക്കുമ്പോൾ അവരെ സംവരണത്തിന്റെകൂടെ ചേർത്ത് മെറിറ്റിന്റെ അവകാശം നഷ്ടപ്പെടുത്തുന്ന നിലവിലെ പ്രവണത അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് കേരള പബ്ളിക് സർവീസ് കമ്മീഷൻ നിയമന ശുപാർശ നടത്തിവരുന്നത്. പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി നിയമന ശുപാർശ നടത്തുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലും മറ്റ് പിന്നോക്ക വിഭാഗങ്ങളിലും ഉൾപ്പെട്ട, മെറിറ്റിന്റെ അടിസ്ഥാനത്തിൽ നിയമനം ലഭിക്കാൻ അർഹതയുള്ള ഉദ്യോഗാർത്ഥികൾക്ക് മെറിറ്റടിസ്ഥാനത്തിൽ നിയമനം ലഭിക്കുന്നതിനോ സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ചട്ടപ്രകാരം അനുവദനീയമായ രീതിയിൽ സംവരണാടിസ്ഥാനത്തിൽ നിയമനം ലഭിക്കുന്നതിനോ ചട്ടം 14 (ബി)-യിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിനോ തടസ്സങ്ങൾ ഉളവാകുന്നില്ല. |
| (ബി) സംവരണ സമുദായങ്ങൾക്ക് മെറിറ്റിൽ ലഭിക്കുന്ന അവസരം നഷ്ടപ്പെടുന്നത് തടയാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ പി.എസ്.സി. യോട് ആവശ്യപ്പെടുമോ? | ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷന്റെ കണ്ടെത്തലുകളെ തുടർന്ന് ഓരോ സംവരണ വിഭാഗത്തിനും ചട്ടപ്രകാരം അർഹതപ്പെട്ട സംവരണ ക്വാട്ട ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14, 15 എന്നീ ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 8.3.2006-ലെ ജി.ഒ. (പി) നമ്പർ 7/06/ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 15 1-03-2010 ന് മറുപടിക്ക്

വനസംരക്ഷണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>" വി. ജെ. തങ്കപ്പൻ:<br>" രാജു എബ്രഹാം:<br>" ബി.ഡി. ദേവസ്സി:<br>" എം. ചന്ദ്രൻ: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വനസംരക്ഷണത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം ആണ്; | (എ) 1. വനാതിർത്തികൾ സർവ്വേ ചെയ്ത് അതിർത്തികളിൽ ജണ്ടകളും കയ്യാലകളും നിർമ്മിച്ച് സുരക്ഷിതമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br>2. വനസമ്പത്ത് കാത്തുസൂക്ഷിക്കുന്നതിനും വനം കയ്യേറ്റം തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി ഭാഗികമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഫോറസ്റ്റ് സ്റ്റേഷനുകൾ എല്ലാ ഡിവിഷനുകളിലും രൂപീകരിക്കുന്ന കാര്യം പരിഗണനയിലുമാണ്.<br>3. വനങ്ങളേയും, വന്യജീവികളേയും കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ വർഷംതോറും നടപ്പിലാക്കി വരുന്നുണ്ട്.<br>4. വനസംരക്ഷണവും അഗ്നിപ്രതിരോധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമാക്കാൻ പങ്കാളിത്ത വനപരിപാലന പദ്ധതിയും, പങ്കാളിത്ത കാട്ടുതീ നിയന്ത്രണ പദ്ധതിയും ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്.<br>5. വനം കുറ്റകൃത്യങ്ങളെ സംബന്ധിച്ച് അന്വേഷണം ഫലപ്രദമാക്കാൻ വനം വകുപ്പിലെ വിജിലൻസ് വിഭാഗത്തിൻ കീഴിൽ ഒരു ഇന്റലിജൻസ് സെൽ രൂപീകരിച്ച് പ്രവർത്തനക്ഷമ |

| | |
|---|---|
| | മാക്കിയിട്ടുണ്ട്.<br>6. വനത്തിനുള്ളിലെ കഞ്ചാവ് കൃഷിയും വ്യാജചാരായ വാറ്റും നിർമ്മാർജ്ജനം ചെയ്യാൻ വനം വകുപ്പ് നേരിട്ടും, പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരും ചേർന്നും റെയിഡുകളും മറ്റ് അന്വേഷണങ്ങളും നടത്തിവരുന്നുണ്ട്.<br>7. ജൈവ വൈവിദ്ധ്യത്തിന്റേയും വന്യജീവികളുടെയും സംരക്ഷണം ഉറപ്പാക്കുന്നതിന് സംരക്ഷിത മേഖലകൾ രൂപീകരിച്ച് പ്രത്യേക സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>8. സംസ്ഥാനത്തെ വനംകയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) 1-1-1977- നു ശേഷം എത്ര ഏക്കർ വനഭൂമി കയ്യേറിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) 01-01-1977-ന് ശേഷം 8164.895 ഹെക്ടർ (20167.29 ഏക്കർ) വനഭൂമി കയ്യേറിയിട്ടുണ്ട് എന്നാണ് ഇതുവരെ കണക്കാക്കിയിട്ടുള്ളത്. |
| (സി) ഈ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ; | (സി) ഈ കയ്യേറ്റങ്ങളിൽ 3352.30 ഏക്കർ വനഭൂമി കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തിന്റെ വനാതിർത്തി സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ഡി) സംസ്ഥാനത്തിലെ വനാതിർത്തി സംരക്ഷിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br>1. വനാതിർത്തി സർവ്വെ.<br>2. വനാതിർത്തികളിൽ ജണ്ടകൾ, കയ്യാലകൾ എന്നിവ നിർമ്മിക്കൽ.<br>3. വന്യമൃഗ ശല്യം കുറയ്ക്കുന്നതിനായി വൈദ്യുത വേലി, കിടങ്ങ് എന്നിവ വനാതിർത്തികളിൽ നിർമ്മിക്കുന്നുണ്ട്.<br>4. വനാതിർത്തികൾ പരിശോധിച്ച് കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.<br>5. അന്തർ സംസ്ഥാന വനാതിർത്തികൾ ചട്ടപ്രകാരം പരിശോധന നടത്തുന്നുണ്ട്. |
| (ഇ) ഈ സർക്കാർ വന്നശേഷം വനമേഖലയുടെ സംരക്ഷണത്തിനായി | (ഇ) വനമേഖലയുടെ സംരക്ഷണത്തിനും ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനുമായി ഈ |

| | |
|---|---|
| ഏതെങ്കിലും പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം താഴെ പറയുന്ന പദ്ധതികൾ കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br>1. വയനാട് ജില്ലയിലെ പരമ്പരാഗത ആനത്താരകൾ പുനഃസ്ഥാപിക്കുന്നതിന് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പദ്ധതി.<br>2. ജൈവവൈവിദ്ധ്യ സംരക്ഷണ ഗ്രാമീണ ജീവനോപാധി സംവർദ്ധന പദ്ധതി (Biodiversity conservation and Rural Livelihood Improvement Project).<br>3. കേരളത്തിലെ 20 സംരക്ഷിത മേഖലകളുടെ വികസനത്തിനായി 50% കേന്ദ്ര സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ.<br>4. കടുവ സംരക്ഷണ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്ന പെരിയാർ കടുവാ സംരക്ഷണ പദ്ധതി.<br>5. ആന സംരക്ഷണ പദ്ധതിയുടെ (Project Elephant) ഭാഗമായി നടപ്പിലാക്കുന്ന സംസ്ഥാനതല പദ്ധതി.<br>6. നീലഗിരി ബയോസ്ഫിയർ റിസർവ്വ് പദ്ധതി.<br>7. അഗസ്ത്യമല ബയോസ്ഫിയർ റിസർവ് പദ്ധതി.<br>8. കേരള കടൽ തീരത്തെ കടലാമകളേയും വംശനാശം നേരിടുന്ന മറ്റ് കടൽ ജീവികളേയും സംരക്ഷിക്കുന്നതിനുള്ള പദ്ധതി.<br>9. വയനാട് വന്യജീവി സങ്കേതത്തിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളുടെ സ്വമേധയായുള്ള പുനരധിവാസം സംബന്ധിച്ച പദ്ധതി.<br>10. കടലുണ്ടി - വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിപാലനം.<br>11.കേരളത്തിലെ കോൾ നിലങ്ങളുടെ പരിപാലനം.<br>12. മാങ്കുളം വനം ഡിവിഷനിലെ ജൈവവൈവിദ്ധ്യ സംരക്ഷണം.<br>13. ഗുഡ്റിക്കൽ വനപ്രദേശത്തിന്റെ സംരക്ഷണം<br>14. കക്കയം വനംമേഖലയുടെ സംരക്ഷണം<br>15. വേമ്പനാട് തണ്ണീർത്തടങ്ങളുടെ പരിപാലനം.<br>16. കുറിച്ച്യാർമല- ബാണാസുരമല ഉയർന്ന |

ജൈവവൈവിദ്ധ്യ മേഖലയുടെ പരിപാലനം

17. ന്യൂ അമരമ്പലം മേഖലയിലെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനുള്ള പദ്ധതി.

18. വാഴച്ചാൽ ഡിവിഷനിലെ ഉയർന്ന ജൈവവൈവിദ്ധ്യമുല്യമുള്ള വനമേഖലകളുടെ സംരക്ഷണം.

19. മുത്തിക്കുളം-പാലക്കാട് മലകളിലെ ഉയർന്ന ജൈവവൈവിദ്ധ്യ മേഖലകളുടെ സംരക്ഷണം.

20. മലയാറ്റൂർ ഡിവിഷനിലെ ഉയർന്ന ജൈവവൈവിദ്ധ്യ മേഖലകളുടെ പരിപാലനം.

ഇതിൽ ക്രമ നമ്പർ 3.4,5,6.7 എന്നീ ഇനങ്ങളിൽ വർഷംതോറും സമർപ്പിക്കുന്ന പദ്ധതികൾക്ക് കേന്ദ്ര സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. ക്രമ നമ്പർ 12,13,14,15,16,17,18,19,20 എന്നീ ഇനങ്ങൾക്ക് കേന്ദ്രാനുമതി ലഭിച്ചുകഴിഞ്ഞു. ഇവ നടപ്പാക്കി വരുന്നു. ക്രമനമ്പർ 8-ൽ പറഞ്ഞിരിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്തതും, ക്രമനമ്പർ 9-ൽ പറഞ്ഞിരിക്കുന്ന പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ 16</u>

<u>01.03.2010 - ൽ മറുപടിയ്ക്ക്</u>

## <u>എം.എൻ.ലക്ഷം വീടുകളുടെ നവീകരണം</u>

<u>ചോദ്യം</u>

ശ്രീ. ടി.പി. കുഞ്ഞുണ്ണി:
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീമതി.കെ.കെ.ലതിക
ശ്രീ. ബി.രാഘവൻ
ശ്രീ.സി.കെ. സദാശിവൻ:

<u>ഉത്തരം</u>

ശ്രീ.ബിനോയ് വിശ്വം
(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

(എ) എം.എൻ.ലക്ഷം വീടുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നല്കുമോ;

(എ) അത്യന്തം ശോചനീയാവസ്ഥയിലായ ലക്ഷം വീടുകൾ പുനർ നിർമ്മിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി. പദ്ധതി പ്രകാരം അനുവദിക്കുന്ന സബ്സിഡി തുകയുടെ 50% സർക്കാർ വിഹിതവും 50 % തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതവുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വിഹിതം വകയിരുത്തുന്ന മുറയ്ക്ക് സർക്കാർ സബ്സിഡി വിഹിതം ഭവന നിർമ്മാണ ബോർഡ് മുഖാന്തിരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നല്കുന്നു. 15.12.2009 ലെ സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച സബ്സിഡി നിരക്ക് ചുവടെ ചേർക്കുന്നു.

| | സബ്സിഡി തുക (രൂപ) | സംസ്ഥാന വിഹിതം (രൂപ) | തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം (രൂപ) |
|---|---|---|---|
| പൊതു വിഭാഗം - | 75000 | 37500 | 37500 |
| പട്ടികജാതി/ശാരീരിക-മാനസിക വെല്ലുവിളികൾനേരിടുന്നവർ അംഗങ്ങളായുള്ള പൊതു വിഭാഗം കുടുംബം | 100000 | 50000 | 50000 |
| പട്ടികവർഗ്ഗം/ആശ്രയ കുടുംബം | 125000 | 62500 | 62500 |

| | | | |
|---|---|---|---|
| | | | 1.04.2009 മുതൽ കരാറിലേർപ്പെട്ട് വീടുകളുടെ നിർമ്മാണം നടത്തുന്നവർ വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡിക്ക് അർഹരാണ്. |
| (ബി) | എത്ര വീടുകളാണ് പുനർ നിർമ്മിക്കാനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പഞ്ചായത്ത്/നഗര വികസന ഡയറക്ടർമാർ ലഭ്യമാക്കിയ കണക്കനുസരിച്ച് 24,825/- വീടുകൾ പുനർ നിർമ്മിക്കേണ്ടതുണ്ട്. (പഞ്ചായത്ത്-23,538, കോർപ്പറേഷൻ-631, മുൻസിപ്പാലിറ്റി -656) |
| (സി) | പുനർ നിർമ്മാണ പദ്ധതി പ്രകാരമുള്ള സബ്സിഡി തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഉണ്ട്.<br>വർദ്ധിപ്പിച്ച നിരക്ക് ഉത്തരം 'എ' യിൽ കാണുക. |
| (ഡി) | പദ്ധതി പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | സർക്കാർ തലത്തിലും പഞ്ചായത്ത്/ ജില്ലാതലത്തിലും പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്. 18.2.2010 വരെ 6599 ഗുണഭോക്താക്കൾക്ക് 19,49,75,000/- രൂപ സർക്കാർ സബ്സിഡിയായി വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇതിൽ 2553 വീടുകളുടെ പണികൾ ആരംഭിക്കുകയും 1230 വീടുകളുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ 18.02.2010 വരെയുള്ള പുരോഗതിയുടെ റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ഇ) | ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെട്ട വീടുകളിൽ താമസിക്കുന്ന പാവപ്പെട്ടവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിയിലെ കൈമാറ്റം ചെയ്യപ്പെട്ട വീടുകളിൽ, ധന സഹായത്തിന് അർഹതയുള്ള കൈവശാവകാശരേഖ ലഭിക്കാത്ത ഗുണഭോക്താക്കളെ കണ്ടെത്തി, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിനെ സമീപിച്ച് കൈവശാവകാശരേഖ ലഭ്യമാക്കുന്ന മുറക്ക് ഈ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്**

**എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി**

**പുരോഗതി റിപ്പോർട്ട് AS ON 18/02/2010**

## ABSTRACT

| നം. | ജില്ല | സബ്സിഡി നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | സബ്സിഡി നൽകിയ വീടുകളുടെ എണ്ണം | | | | സബ്സിഡിയായി അനുവദിച്ച തുക | നിർമ്മാണം ആരംഭിച്ച വീടുകൾ | പൂർത്തിയാക്കിയ വീടുകൾ |
|---|---|---|---|---|---|---|---|---|---|
| | | | Gen. | SC | ST | Total | | | |
| 1 | തിരുവനന്തപുരം | 6 | 125 | 38 | 0 | 163 | 4550000 | 88 | 42 |
| 2 | കൊല്ലം | 44 | 1121 | 610 | 0 | 1731 | 52650000 | 1189 | 652 |
| 3 | പത്തനംതിട്ട | 16 | 446 | 85 | 0 | 531 | 14337500 | 24 | 23 |
| 4 | ആലപ്പുഴ | 17 | 318 | 56 | 0 | 374 | 10200000 | 131 | 39 |
| 5 | കോട്ടയം | 20 | 270 | 37 | 0 | 307 | 9125000 | 110 | 60 |
| 6 | ഇടുക്കി | 17 | 449 | 54 | 0 | 503 | 16037500 | 286 | 144 |
| 7 | എറണാകുളം | 25 | 508 | 244 | 4 | 756 | 22850000 | 113 | 70 |
| 8 | തൃശ്ശൂർ | 27 | 605 | 228 | 0 | 833 | 24600000 | 145 | 71 |
| 9 | പാലക്കാട് | 19 | 327 | 140 | 0 | 467 | 13787500 | 225 | 78 |
| 10 | മലപ്പുറം | 21 | 301 | 76 | 0 | 377 | 10375000 | 38 | 12 |
| 11 | കോഴിക്കോട് | 26 | 233 | 37 | 0 | 270 | 8450000 | 71 | 12 |
| 12 | കണ്ണൂർ | 16 | 141 | 3 | 0 | 144 | 4150000 | 63 | 18 |
| 13 | കാസർഗോഡ് | 8 | 120 | 23 | 0 | 143 | 3862500 | 70 | 9 |
| 14 | വയനാട് | | | | | 0 | 0 | 0 | 0 |
| | ആകെ | 262 | 4964 | 1631 | 4 | 6599 | 194975000 | 2563 | 1230 |

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: * 17 — 1.3.2010 - ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന് അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ: വർക്കല കഹാർ<br>ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തിന് അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള തുക കേന്ദ്രത്തിൽ നിന്നുംയഥാസമയം ലഭിക്കുന്നുണ്ടോ; | എ) സംസ്ഥാനത്തിനായി അനുവദിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭിക്കാറുണ്ട്. എന്നാൽ ചില അവസരങ്ങളിൽ സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലാണ് കേന്ദ്രസഹായം ലഭിക്കുന്നത്. |
| ബി) കേന്ദ്ര പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാതിരിക്കുന്നുണ്ടോ; എങ്കിൽ കാരണങ്ങൾ എന്തെല്ലാം? | ബി) യഥാസമയം കേന്ദ്രസഹായം കിട്ടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാറുണ്ട്. എന്നാൽ സാമ്പത്തിക വർഷത്തിന്റെ അന്തിമ ഘട്ടത്തിൽ ലഭിക്കുന്ന കേന്ദ്രസഹായം അടുത്ത സാമ്പത്തിക വർഷത്തിൽ മാത്രമേ വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 18 | 01.03.2010 -ൽ മറുപടിയ്ക്ക്

## പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളെ സംബന്ധിച്ച തർക്കം

**ചോദ്യം**

ശ്രീ. കെ.കെ. ജയചന്ദ്രൻ:
ശ്രീ.പി.കൃഷ്ണപ്രസാദ്:
ശ്രീ.കെ.സി.കുഞ്ഞിരാമൻ:
ശ്രീ.ജോർജ് എം.തോമസ്:
ശ്രീ.എസ്.രാജേന്ദ്രൻ:

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഇ.എഫ്.എൽ. നിയമ ഭേദഗതി നിലവിൽ വന്നശേഷം പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ പ്രദേശമായി വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമി അർഹതപ്പെട്ട കർഷകർക്ക് തിരികെ ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) നിയമ ഭേദഗതി സംബന്ധിച്ച് ഭൂവുടമകളെ ബോധവൽക്കരിക്കുന്നതിന് വനം വകുപ്പ് പത്രമാദ്ധ്യമങ്ങൾ വഴി അറിയിപ്പ് നൽകി. ഇതുവരെ ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം പരാതികൾ പരിഹരിക്കുന്നതിനുള്ള ഉചിതമായ നടപടികൾ യഥാസമയം കൈക്കൊള്ളുന്നതാണ്. |
| (ബി) എല്ലാ വനം ഡിവിഷനുകളിലും പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളിൽ തർക്ക പരിഹാര സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) വനം ഡിവിഷനുകളിൽ പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശ തർക്ക പരിഹാര സമിതികൾ രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. |
| (സി) ഇതിനകം എത്ര ഏക്കർ ഭൂമിയെ സംബന്ധിച്ചുള്ള തർക്കം മുഖ്യവനപാലകന് ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) ഉദ്ദേശം 2000 ഏക്കറോളം വരുന്ന ഭൂമിയെ സംബന്ധിച്ചുള്ള തർക്ക മാണ് പ്രധാന മുഖ്യവനപാലകന് ലഭിച്ചിട്ടുള്ളത്. തപാൽ മുഖേന അയച്ച അപേക്ഷകൾ ഇനിയും ലഭിച്ചേക്കുമെന്നതിനാലും കൂടാതെ വിവിധ വനം ഡിവിഷനുകളിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും കൂട്ടുന്ന സാഹചര്യത്തിൽ അപേക്ഷകളുടെ എണ്ണത്തിലും തർക്കഭൂമിയുടെ വിസ്തീർണ്ണത്തിലും മാറ്റം വന്നേക്കാം. |
| (ഡി) തർക്ക പരിഹാര നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) തർക്ക പരിഹാര നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 19 | 01.03.2010 -ൽ മറുപടിയ്ക്ക്

## എന്റെ മരം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പള്ളിപ്രം ബാലൻ:<br>ശ്രീ.എൻ.രാജൻ:<br>ശ്രീ.വി.എസ്.സുനിൽ കുമാർ:<br>ശ്രീ.കെ.രാജു:<br>ശ്രീ.ബാബുപോൾ: | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എന്റെ മരം പദ്ധതി ആരംഭിച്ചതെന്നാണെന്നും ഈ പദ്ധതി പ്രകാരം ഇതേവരെ എത്ര തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) 2007–ലാണ് "എന്റെ മരം പദ്ധതി" ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം ഇതുവരെയായി 42.11 ലക്ഷം തൈകൾ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് അവരുടെ സ്വന്തം സ്ഥലങ്ങളിൽ വച്ചു പിടിപ്പിക്കാനായി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) ഈ പദ്ധതിക്ക് ദേശീയതലത്തിൽ ഏതെങ്കിലും തരത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ 2007 വർഷത്തേക്കുള്ള ഇന്ദിരപ്രിയദർശിനി വൃക്ഷമിത്ര അവാർഡ് എന്റെ മരം പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. |
| (സി) ഈ പദ്ധതി വിജയകരമാക്കാൻ സാധിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) വനംവകുപ്പ് നടപ്പാക്കിയ കടലോര വൃക്ഷവൽക്കരണ പദ്ധതി പ്രകാരം തീരപ്രദേശങ്ങളിൽ എത്ര ഏക്കർ പ്രദേശത്ത് വൃക്ഷവൽക്കരണം നടത്തി എന്നും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ? | (ഡി) 178.05 ഹെക്ടേഴ്സ്. (163.40 ഹെക്ടർ സ്ഥലത്ത് കാറ്റാടി തൈകളും 14.65 ഹെക്ടർ സ്ഥലത്ത് കണ്ടൽ ചെടികളുമാണ് വച്ചു പിടിപ്പിച്ചത്.)<br>പദ്ധതി വ്യാപിപ്പിക്കാൻ സ്ഥല ലഭ്യതയുടെ പരിമിതി ഉണ്ട്. എങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്ഥലലഭ്യത പരിശോധിച്ചു പദ്ധതി വ്യാപിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 20

01.03.2010-ൽ മറുപടിയ്ക്കു്

# "ദേവസ്വം ഭൂമി സംരക്ഷിക്കുന്നതിന് നടപടി"

ചോദ്യം

ശ്രീ.വി.ചെന്താമരാക്ഷൻ
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.കെ.വി.കുഞ്ഞിരാമൻ
ശ്രീ.സി.എച്ച്.കുഞ്ഞമ്പു
ശ്രീമതി.കെ.കെ.ലതിക

<u>ഉത്തരം</u>

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) ദേവസ്വം ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേവസ്വങ്ങളുടെ ഭൂമി അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 21.07.2006 മുതൽ ഒരു ലാന്റ് സ്പെഷ്യൽ ഓഫീസറെയും, 1957 ലെ കേരള ഭൂസംരക്ഷണ നിയമം അനുസരിച്ചുള്ള ജില്ലാ കളക്ടറുടെ അധികാരങ്ങളോടുകൂടിയ ഒരു സ്പെഷ്യൽ തഹശിൽദാരുടെ ലാന്റ് കൺസർവൻസി യൂണിറ്റിനെയും 15.10.2008 മുതൽ നിയോഗിച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വംവക ഭൂമികയ്യേറ്റം സംബന്ധിച്ചുള്ള വിവരങ്ങൾ തൃശ്ശൂർ ജില്ലാ കളക്ടറെ അറിയിക്കുകയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായിഅഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

മലബാറിലെ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി കണ്ടെത്തുന്നതിനും ക്ഷേത്രഭൂമി അളന്നുതിരിക്കുക, അതിരുകെട്ടി സംരക്ഷിക്കുക, ഭൂമി സംബന്ധമായ രേഖകൾ ശരിയാക്കുക എന്നിവയ്ക്കായി ലാന്റ് റവന്യൂ വകുപ്പിൽ നിന്നും വിരമിച്ച ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ആളുകളെ ഉൾപ്പെടുത്തി ഓരോ ഡിവിഷനിലും സർക്കാർ നിർദ്ദേശപ്രകാരം സ്പെഷ്യൽടീമിനെ നിയോഗിച്ചിരുന്നു. ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിലെ ഒരു സ്പെഷ്യൽ ഓഫീസറുടെ കീഴിലായിരുന്നു ഈ ടീം പ്രവർ

ത്തിച്ചിരുന്നത്. ഇപ്പോൾ ഈ ടീം പ്രവർത്തിക്കുന്നില്ല.

കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ഭൂമികയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കേരള ലാന്റ് കൺസർവൻസി ആക്റ്റ് പ്രകാരം സ്പെഷ്യൽ തഹസിൽദാർ നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടൽമാണിക്യം ദേവസ്വത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ഒരു തഹസിൽദാരെയും, സർവ്വേയറെയും ഒരു വർഷത്തേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമിച്ചിരുന്നു.

(ബി) എത്ര ക്ഷേത്രങ്ങളുടെ ഭൂമി കയ്യേറ്റം ചെയ്യതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 1208 ക്ഷേത്രങ്ങളിൽ 526 ക്ഷേത്രങ്ങളിൽ അനധികൃത ഭൂമി കയ്യേറ്റം നടന്നതായികണക്കാക്കിയിട്ടുണ്ട്. ഇതിൽ ആകെ ഏകദേശം 494 ഏക്കർ ഭൂമി ഉൾപ്പെട്ടിട്ടുള്ളതായി കണക്കാക്കുന്നു. റിക്കാർഡുകളുടെ അഭാവത്തിലും തടസ്സങ്ങൾ മൂലവും സർവ്വേയിൽ അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തതും കയ്യേറ്റം ഉണ്ടെന്ന് സംശയിക്കുന്നതുമായ 160 കേസുകളും ഉള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വത്തിൻകീഴിൽ ദേവസ്വം വക തൃശ്ശൂർ ജില്ലയിലെ മണത്തല വില്ലേജിൽപ്പെട്ട 2.53 ഏക്കർ ഭൂമിയും പൂക്കോട് വില്ലേജിൽ18 സെന്റ് സ്ഥലം പഞ്ചായത്ത് റോഡ് നിർമ്മാണത്തിനായി കയ്യേറ്റം ചെയ്യതായിട്ടും കണ്ടെത്തിയിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള 353 ക്ഷേത്രങ്ങളിൽ നടത്തിയ പരിശോധനയിൽ ആകെ 24,900.05517 ഏക്കർ ക്ഷേത്രഭൂമി കയ്യേറിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

കൊച്ചി ദേവസ്വം ബോർഡിൻകീഴിൽ 245 ക്ഷേത്രങ്ങളുടെ ഭൂമിയിൽ കയ്യേറ്റം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിൽ ആകെ 95 $^{3}/_{4}$ സെന്റ് ഭൂമി കയ്യേറ്റം ചെയ്യതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഇതിൽ എത്ര ഏക്കർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 6.12 ഏക്കർ ഭൂമിയും, ഗുരുവായൂർ ദേവസ്വത്തിൻകീഴിൽ മണത്തല വില്ലേജിൽ 1 ഏക്കർ 5 സെന്റ് ഭൂമിയും, മലബാർ ദേവസ്വം ബോർഡിൻകീഴിൽ 3.32 ഏക്കർ ഭൂമിയും, കൊച്ചി ദേവസ്വം ബോർഡിൻ കീഴിൽ 1.9780 ഹെക്ടർ ഭൂമിയും, കൂടൽമാണിക്യം ദേവസ്വത്തിൽ 46 $^{1}/_{4}$ സെന്റ് ഭൂമിയും വീണ്ടെടുത്തിട്ടുണ്ട്.

(ഡി) തകർന്നുകിടക്കുന്ന ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ വന്ന ശേഷം എത്ര ലക്ഷം രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജീർണ്ണാവസ്ഥയിലുള്ള ക്ഷേത്രങ്ങളുടെ പുന:രുദ്ധാരണത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 2007-2008 വർഷത്തിൽ 3,21,65,000/- രൂപയും 2008-2009 ൽ 4 കോടി രൂപയും 2009-2010 ൽ 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിനുകീഴിൽ വരുന്ന ക്ഷേത്രങ്ങൾക്കും, മലബാർ മേഖലയിലെ സ്വകാര്യ ക്ഷേത്രങ്ങൾക്കുമായി ജീർണ്ണോദ്ധാരണപ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം 5,4050,000/- രൂപ അനുവദിച്ചിട്ടുണ്ട്. കൊച്ചി ദേവസ്വം ബോർഡ് ഈ ആവശ്യത്തിനായി 2006-2007 മുതൽ 2009-2010 വരെ 9,89,12,505/- രൂപ ചെലവഴിച്ചിട്ടുണ്ട്.

നിത്യപൂജയുള്ള പൊതു ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി 2006-2007 ൽ ഒരു കോടിരൂപയും, 2007-2008 വർഷത്തിൽ 89,50,000/- രൂപയും 2008-2009 ൽ 1,48,95,000/- രൂപയും ഗുരുവായൂർ ദേവസ്വത്തിൽ നിന്നും ധനസഹായമായി അനുവദിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വം ജീർണ്ണോദ്ധാരണ ധനസഹായം നല്കുന്നില്ല.

(ഇ) ദേവസ്വം ഭൂമി സംരക്ഷിക്കുന്നതിന് സർക്കാർ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

(ഇ) കേരളത്തിലെ ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ഭൂമി കയ്യേറ്റത്തിൽ നിന്നും സംരക്ഷിക്കുന്നതിന് സാദ്ധ്യമായ എല്ലാ നിയമനടപടികളും സ്വീകരിക്കാൻ തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകൾക്കും, ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റികൾക്കും സർക്കാറിൽ നിന്നും നിർദ്ദേശം നല്കിവരുന്നുണ്ട്. ബോർഡുകളിൽ ഇതിനായി ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു.

Sulatha
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :**21**.

1..3..2010-ൽ മറുപടിക്ക്

### "പാലിന്റെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുവാൻ നടപടി"

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.:** | **ശ്രീ. സി. ദിവാകരൻ**<br>**ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി** |
| (എ) പാലിന്റെ ആഭ്യന്തര ഉത്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സബ്സിഡി നിരക്കിൽ അത്യുല്പാദന ശേഷിയുള്ള കറവമാടുകളെ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത് ഗുണഭോക്താക്കൾക്കു നൽകുന്ന മിൽക്ക് ഷെഡ് വികസന പദ്ധതി, തീറ്റപ്പുൽകൃഷി വികസനത്തിനായി കർഷകർക്ക് നടീൽ വസ്തുക്കൾ സൗജന്യമായി നൽകുന്നതോടൊപ്പം കൃഷി ചെലവും നൽകുന്ന പദ്ധതി, സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പശുക്കളെ വാങ്ങുവാനും കാലിത്തൊഴുത്ത് പണിയുന്നതിനും തീറ്റപ്പുൽകൃഷിയ്ക്കും ക്ഷീരസംഘങ്ങൾ വഴിയുള്ള ധനസഹായ പദ്ധതി, കർഷകർ സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് കിലോയ്ക്ക് 50 പൈസ നിരക്കിൽ സബ്സിഡി നൽകുന്ന 2.75 കോടി രൂപാ ചെലവുള്ള പദ്ധതി, കാലിരോഗ നിർമ്മാർജ്ജനം, ഗോസുരക്ഷ, ക്ഷീരധാര, പ്രത്യേക കന്നുകുട്ടി പരിപാലനം, കാഫ് കെയർ കിറ്റുകളുടെ വിതരണം, അകിടുവീക്ക രോഗ നിയന്ത്രണം, വന്ധ്യതാ നിവാരണം, ഗർഭിണി/കറവ പശുക്കൾക്ക് ധാതുലവണ മിശ്രിതം, വിരമരുന്ന് വിതരണം ചെയ്യൽ, മുന്തിയയിനം വിത്തുകാളകളുടെ ഇറക്കുമതി, ഗോസമൃദ്ധി തുടങ്ങിയ വിവിധ പദ്ധതികൾ ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പുകളും, കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡും സംയുക്തമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ, ത്രിതല പഞ്ചായത്തുകൾ മുഖേന ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പാലുല്പാദനം വർദ്ധിപ്പിക്കാൻ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത |

പദ്ധതികളായ ഇന്റൻസീവ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം (ഐ.ഡി.ഡി.പി), ക്ലീൻ മിൽക്ക് പ്രോഗ്രാം (സി.എം.പി.) എന്നിവയ്ക്ക് പുറമെ കാലിത്തീറ്റയ്ക്ക് സബ്സിഡി, പുൽക്കൃഷി വികസന പദ്ധതി, സമ്മർ ഇൻസെന്റീവ്, കന്നുകാലി ഇൻഷ്വറൻസ് എന്നീ പദ്ധതികളും പാലുല്പാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. ഐ.ഡി.ഡി.പി. പദ്ധതി നടപ്പിലാക്കിയ മലബാർ മേഖലാ യൂണിയനിൽ 11% പാലിന്റെ സംഭരണം കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധിച്ചിട്ടുണ്ട്. ഇതിന് പുറമേ, ഇപ്പോൾ പാൽ സംഭരണ റൂട്ടിൽ ഉൾപ്പെടാത്ത പുതിയ മിൽക്ക് റൂട്ടുകളിൽ നിന്നും മിൽമ സംഭരണം ആരംഭിച്ചിട്ടുള്ളതിനാൽ പാൽ സംഭരണം വർദ്ധിക്കുന്നതാണ്. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി മിൽമ ക്ഷീരകർഷകരുടെ പശുക്കൾക്ക് കൃത്രിമ ബീജദാന സൗകര്യം, ഇൻഷ്വറൻസ് പരിരക്ഷ, കർഷക ജനകീയ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ മുതലായവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, ഈ സാമ്പത്തിക വർഷം ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് 30 ലക്ഷം രൂപയും, കേരള സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് 1.5 കോടി രൂപയും, മലബാർ മേഖലാ യൂണിയന് 65 ലക്ഷം രൂപയും വ്യത്യസ്ത പദ്ധതികൾക്കായി സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. പാൽ വിപണനം പ്രധാനമായും മിൽമ, സ്വകാര്യ ഡയറികൾ, പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ, പ്രൈവറ്റ് ഡയറി വെണ്ടേഴ്സ് എന്നിവരാണ് നടത്തുന്നത്.

(ബി) സംസ്ഥാന ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനം സംസ്ഥാനതലത്തിൽ എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി ഡയറക്ടർമാരുടെ യോഗം മാസം തോറും വിളിച്ച് ചേർത്ത് ഓരോ ജില്ലയിലും നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം, പാൽ ഗുണമേന്മാ പരിശോധന സംബന്ധിച്ച പ്രവർത്തനം, ക്ഷീരകർഷകരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം എന്നിവയുടെ പുരോഗതി വിലയിരുത്തുന്നു. പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ കേന്ദ്ര സർക്കാരിന്റെ സഹായത്താൽ തിരുവനന്തപുരത്ത് ആധുനിക ലാബിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

(സി) ക്ഷീരകർഷകരെ സഹായിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

(സി) സംഘത്തിൽ പാലൊഴിക്കുന്ന ക്ഷീരകർഷകർക്ക് പാലിന്റെ അളവനുസരിച്ച് കിലോയ്ക്ക് 50 പൈസ നിരക്കിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. പാലിന്റെ ഗുണനിലവാരം സംബന്ധിച്ചും പശുവളർത്തലിനെ സംബന്ധിച്ചും ക്ഷീരസംഘങ്ങൾ മുഖേന ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. തീറ്റപ്പുൽ കൃഷിയ്ക്ക് സൗജന്യമായി നടീൽ വസ്തുക്കളും മറ്റ് ധനസഹായങ്ങളും നൽകിവരുന്നു. ഇവയ്ക്ക് പുറമേ, ത്രിതല പഞ്ചായത്തുകളുടെ ക്ഷീരവികസന പദ്ധതികൾ ക്ഷീരവികസന ഓഫീസർമാർ മുഖേന നടപ്പാക്കി വരുന്നു. കൂടാതെ, ക്ഷേമനിധിയിൽ അംഗങ്ങളായി 60 വയസ്സ് പൂർത്തിയാക്കുകയും നിയമവ്യവസ്ഥ അനുസരിച്ച് നിശ്ചിത യോഗ്യത നേടിയിട്ടുള്ള കർഷകർക്ക് പ്രതിമാസം 300 രൂപ വീതം പെൻഷൻ, പെൻഷനർ മരണപ്പെട്ടാൽ നോമിനിയ്ക്ക് 150 രൂപ വീതം കുടുംബ പെൻഷൻ, 10-ാം ക്ലാസ്സ്, +2, ഡിഗ്രി, പ്രൊഫഷണൽ തലങ്ങളിൽ ഉന്നതവിജയം കരസ്ഥമാക്കിയ അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം. അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം, 14 ജില്ലകളിലെ മികച്ച ക്ഷീരകർഷകർക്ക് 2000 രൂപ നിരക്കിൽ കാഷ് അവാർഡ്, പ്രശസ്തി പത്രം, കർഷകൻ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങിന് 1000 രൂപ ധനസഹായം, എല്ലാ ക്ഷേമനിധി അംഗങ്ങൾക്കും സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്ന ക്ഷീര ക്ഷേമ ഇൻഷ്വറൻസ് പദ്ധതി, അംഗങ്ങളുടെ ആശ്രിതർക്കുള്ള ഇൻഷ്വറൻസ് പദ്ധതി, കുളമ്പുരോഗ ബാധിത പശുക്കളുടെ ഉടമകളായ അംഗങ്ങൾക്ക് ധനസഹായം തുടങ്ങിയ വിവിധ പദ്ധതികൾ ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ക്ഷീര കർഷക ക്ഷേമനിധി ബോർഡു മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഇവയ്ക്കു പുറമെ, മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ഐ.ഡി.ഡി.പി., ക്ലീൻ മിൽക്ക് പ്രോഗ്രാം (സി.എം.പി.), കാലിത്തീറ്റ സബ്സിഡി, സമ്മർ ഇൻസെന്റീവ്, കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, ക്ഷീരകർഷകർക്ക് ക്ഷേമനിധി, പെൻഷൻ പദ്ധതി, പുൽക്കൃഷി വികസന പദ്ധതി, ക്ഷീരോത്പാദകരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ വിവിധ പദ്ധതികൾ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി മിൽമ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 22 *

1.3.2010 - ൽ മറുപടിയ്ക്ക്

പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ: കെ.വി.കുഞ്ഞിരാമൻ<br>പ്രൊഫ: സി. രവീന്ദ്രനാഥ്<br>ശ്രീ. കെ.ടി.ജലീൽ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. സി.കെ.പി. പത്മനാഭൻ | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) നടപ്പ് വർഷത്തെ പദ്ധതി വിഹിത വിനിയോഗം ആസൂത്രണ ബോർഡ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) നടപ്പ് വർഷത്തെ പദ്ധതി വിഹിത വിനിയോഗം ആസൂത്രണ ബോർഡ് വിലയിരുത്തിയിട്ടുണ്ട്. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഇടക്കാല അവലോകന റിപ്പോർട്ട് ആസൂത്രണ ബോർഡ് പുറത്തിറക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ 2009 - 2010 (നടപ്പ് വർഷം) ലെ പദ്ധതി അടങ്കൽ ഏതെല്ലാം മേഖലയിൽ എത്രത്തോളം വിനിയോഗിച്ചു എന്നും പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ വിളിച്ച് ചേർത്ത വകുപ്പ് തലവൻമാരുടെ യോഗത്തിൽ 2009 - 10 (നടപ്പ് വർഷം) ലെ പദ്ധതി വിനിയോഗം വിശദമായി വിലയിരുത്തിയിട്ടുണ്ട്. |
| ബി) ഇതുവരെ പദ്ധതി വിഹിതത്തിൻെറ എത്ര ശതമാനം വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) 2010 ജനുവരി 31 വരെ പദ്ധതി വിഹിതത്തിൻെറ 49 ശതമാനം വിനിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | സി) | പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് വേണ്ടി വകുപ്പുതലവൻമാരുടെ യോഗത്തിൽ ആസൂത്രണ ബോർഡ് പല നിർദ്ദേശങ്ങൾ കൊടുക്കുകയും, ആസൂത്രണ ബോർഡിൽ പ്ലാൻ മോണിറ്ററിംഗ് സിസ്റ്റം നിലവിൽ വരുകയും, 2009 - 10 സാമ്പത്തിക വർഷത്തിൽ പദ്ധതി വിനിയോഗം ഏതെല്ലാം വകുപ്പുകൾ ഓരോ മാസവും എത്ര തുക വിനിയോഗം ചെയ്തു, ചെലവായതിൻെറ ധനകാര്യ പുരോഗതി (ശതമാനം) എത്രത്തോളമായി എന്ന് വിശകലനം ചെയ്തു വരുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്ന തിന് എല്ലാ മാസവും സെക്രട്ടറിമാരുടെ യോഗത്തിൽ ചീഫ് സെക്രട്ടറി പദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുകയും പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സെക്രട്ടറിമാർ വകുപ്പദ്ധ്യക്ഷൻമാരുടെ യോഗം വിളിച്ചു പദ്ധതി നടത്തിപ്പിൻെറ പുരോഗതി അവലോകനം നടത്തുകയും. പദ്ധതി പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ മുഖ്യമന്ത്രിയും കാലാ കാലങ്ങളിൽ പദ്ധതി പ്രവർത്തന പുരോഗതി അവലോകനം ചെയ്യാറുണ്ട്. |
| ഡി) | 2010 - 2011 വർഷത്തേക്കുള്ള വാർഷിക പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ഡി) | 2010 - 2011 വാർഷിക പദ്ധതി സർക്കാർ അംഗീകരിച്ചു. 10000 കോടി രൂപയുടെ അടങ്കലുള്ള പദ്ധതിക്കാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. |
| ഇ) | ഏതെല്ലാം മേഖലകൾക്ക് മുൻഗണന നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | ഇ) | കൃഷി, പരമ്പരാഗത വ്യവസായം, വിവര സാങ്കേതിക മേഖലകൾ, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയാണ് മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 23 — 01-03-2010 ൽ മറുപടിക്ക്

## നെടുമ്പാശ്ശേരി വിമാനത്താവള വികസനത്തിനായി ആവിഷ്കരിച്ച കർമ്മ പദ്ധതി

ചോദ്യം:
(1) ശ്രീ. ബി.ഡി. ദേവസ്സി
(2) ശ്രീ. സി.എം. ദിനേശ് മണി
(3) ശ്രീ. എം. എം. മോനായി
(4) ശ്രീ.എം.കെ. പുരുഷോത്തമൻ
(5) ശ്രീ. സാജു പോൾ

ഉത്തരം
ശ്രീ. വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ).നെടുമ്പാശ്ശേരി വിമാനത്താവള വികസനത്തിനായി ആവിഷ്ക്കരിച്ച കർമ്മപദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ). കൊച്ചി അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി താഴെ പറയുന്ന കർമ്മ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. |

(1) എയർക്രാഫ്റ്റ് മെയിന്റനൻസ് ഹാംഗേർസ്
(2) ഏവിയേഷൻ അക്കാഡമി
(3) ഗോൾഫ് കോഴ്സ്
(4) ഇന്റർനാഷണൽ ടെർമിനൽ എക്സ്പാൻഷൻ
(5) എയർക്രാഫ്റ്റ് പാർക്കിംഗ് ബേയുടെ വിസ്തീർണ്ണം കൂട്ടുക
(6) കാർഗോ ഫൈറ്റേഴ്സിനു മാത്രമായി പാർക്കിംഗ് ബേയുടെ നിർമ്മാണം
(7) പെരിഷബിൾ കാർഗോയ്ക്കുള്ള സെന്റർ
(8) സിറ്റിയോടനുബന്ധിച്ചുള്ള ടെർമിനൽ വികസനവും സൗകര്യങ്ങളുടെ വർദ്ധിപ്പിക്കലും
(9) സിറ്റിയോടനുബന്ധിച്ചുള്ള സെക്യൂരിറ്റി കൺട്രോൾ സിസ്റ്റം
(10) റൺവെയുടെ റീകാർപ്പെറ്റിംഗും ഉറപ്പാക്കലും
(11) എയർപോർട്ട് മ്യൂസിയം
(12) ട്രേഡ് ഫെയർ സെന്റർ
(13) 110 കെ.വി. സബ്സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| (ബി) പദ്ധതി നടപ്പാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ബി) ഇതിനകം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

(1) എയർക്രാഫ്റ്റ് മെയിന്റനൻസ് ഹാംഗേർസ്:- നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. എയർക്രാഫ്റ്റ് എൻജിനീയറിംഗ് സർവ്വീസും

മെയിന്റനൻസ് സർവ്വീസും സബ്സിഡിയറി കമ്പനിയായ കൊച്ചിൻ ഇന്റർനാഷണൽ ഏവിയേഷൻ സർവ്വീസസ് ലിമിറ്റഡ് വഴി നടത്തുന്നതിനായുള്ള അനുമതിയ്ക്കായി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, ഡയറക്ടർ - ജനറൽ, സിവിൽ ഏവിയേഷനോട് ഇതിനകം തന്നെ അപേക്ഷിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഒരു വർഷത്തിനുള്ളിൽ നടപ്പാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(2) ഏവിയേഷൻ അക്കാഡമി:- ഇതിനകം തുടങ്ങുകയും സുഗമമായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

(3) ഗോൾഫ് കോഴ്സ്:- ഗോൾഫ് കോഴ്സ് ഫേസ്-I-ന്റെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും ഇതിനകം തന്നെ പൂർത്തിയായിക്കഴിഞ്ഞു. ഉടൻതന്നെ കമ്മീഷൻ ചെയ്യുന്നതാണ്.

(4) ഇന്റർനാഷണൽ ടെർമിനൽ എക്സ്പാൻഷൻ :- ഇതിനകം പൂർത്തിയായിക്കഴിഞ്ഞു. പീക്ക് അവർ പാസ്സഞ്ചർ ഹാൻഡിലിംഗ് കപ്പാസിറ്റി 400ൽ നിന്നും 1200 ആയി വർദ്ധിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്.

(5) എയർക്രാഫ്റ്റ് പാർക്കിംഗ് ബേയുടെ എക്സ്പാൻഷൻ:-മൂന്നു ബേകളുടെ നിർമ്മാണം നടന്നു വരികയാണ്. ഇവ 2010മെയ് മാസത്തോടെ കമ്മിഷൻ ചെയ്യുന്നതാണ്.

(6) കാർഗോ ഫ്രൈറ്റേഴ്സിന്റെ പാർക്കിംഗിനു മാത്രമായുള്ള നിർമ്മാണം:- നിർമ്മാണ നടന്നു വരികയാണ്. 2010 മെയ് മാസത്തോടെ കമ്മീഷൻ ചെയ്യുന്നതാണ്.

(7) പെരിഷബിൾ കാർഗോയ്ക്കുള്ള സെന്റർ :- ഇതിനകം കമ്മീഷൻ ചെയ്തുകഴിഞ്ഞു.

(8) സിറ്റിയോടനുബന്ധിച്ചുള്ള ടെർമിനലിന്റെ വികസനവും സൗകര്യങ്ങളുടെ വർദ്ധിപ്പിക്കലും :- ടെൻഡർ നടപടികൾ നടക്കുന്നു. സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ ഘട്ടം ഘട്ടമായി നടപ്പാക്കുന്നതാണ്.

(9) സിറ്റിയോടനുബന്ധിച്ചുള്ള സെക്യൂരിറ്റി കൺട്രോൾ സിസ്റ്റം:-ടെന്റർ നടപടികൾ നടക്കുന്നു. ഈ പ്രവൃത്തി ഘട്ടം ഘട്ടമായി നടപ്പാക്കുന്നതാണ്.

(10) റൺവേയുടെ ഉറപ്പാക്കലും റീകാർപ്പെറ്റിംഗും :- ഇതിനകം പൂർത്തിയായിക്കഴിഞ്ഞു.

(11) എയർപോർട്ട് മ്യൂസിയം:- പ്രവൃത്തികൾ തുടങ്ങിക്കഴിഞ്ഞു. 2010 ജൂലായിൽ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(12) ട്രേയ്ഡ് ഫെയർ സെന്റർ:- പ്രവൃത്തി തുടങ്ങിക്കഴിഞ്ഞു. ഒരു വർഷത്തിനകം കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(13) 110 കെ. വി. സബ്സ്റ്റേഷൻ :- പ്രവൃത്തി തുടങ്ങിക്കഴിഞ്ഞു.18 മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| (സി) നെടുമ്പാശ്ശേരിയിൽ കൂടുതൽ വിദേശ വിമാന കമ്പനികളെ ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും പുതിയ സ്ഥലങ്ങളിലേയ്ക്ക് ഫ്ളൈറ്റുകൾ തുടങ്ങുന്നതിനും നിലവിലുള്ളവയുടെ ഫ്രീക്വൻസി വർദ്ധിപ്പിക്കുന്നതിനും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് ഇതിനകംതന്നെ എൻ.എ.സി.ഐ എലിനെയും മറ്റു അന്തർദേശീയ, ആഭ്യന്തര വിമാനക്കമ്പനികളെയും സമീപിച്ചിട്ടുണ്ട്. അടുത്ത കാലത്തായി എയർ ഏഷ്യ, ഡെക്കാൻ കാർഗോ എക്സ്പ്രസ്സ് , ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്നിവ കൊച്ചിയിൽനിന്നും ഫ്ളൈറ്റുകൾ തുടങ്ങിയിട്ടുണ്ട്. |
| (ഡി)കമ്പനി കഴിഞ്ഞ വർഷം എത്ര കോടി രൂപ വരുമാനം നേടി എന്ന് വ്യക്തമാക്കുമോ; | (ഡി)173 കോടി രൂപയാണ് 2008-09 ലെ വരുമാനം . |
| (ഇ) എയർപോർട്ടിനോട് ചേർന്ന് ഐ.ടി. പാർക്ക് സ്ഥാപിക്കാനുള്ള പദ്ധതി പൂർത്തിയായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (ഇ) പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 24

01.03.2010-ൽ മറുപടിയ്ക്ക്

## "ശബരിമല തീർത്ഥാടനം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.വി.എൻ.വാസവൻ | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>ബഹുമാനപ്പെട്ട ദേവസ്വവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി. |
| (എ) ഈ വർഷത്തെ ശബരിമല തീർത്ഥാടനം സുഗമമായി നടത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(ബി) തീർത്ഥാടകരുടെ ക്ഷേമത്തിനായി ഈ വർഷം പുതുതായി എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തി എന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) ശബരിമല ഉത്സവത്തോടനുബന്ധിച്ച് എല്ലാ വകുപ്പു തലവൻമാരെയും ഉൾപ്പെടുത്തി പലതവണയായി പതിനൊന്ന് അവലോകനയോഗങ്ങൾ വിളിച്ചുചേർക്കുകയും, പോലീസ്, പൊതുമരാമത്ത്, ആരോഗ്യം, ഗതാഗതം ജലവിഭവം, വൈദ്യുതി, വിവിധ ജില്ലാ കളക്ടർമാർ ഉൾപ്പെടെ പ്രധാന വകുപ്പുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകനം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ചരിത്രത്തിൽ ആദ്യമായി15.10.2009 ന് ദക്ഷിണേന്ത്യൻ ദേവസ്വം മന്ത്രിമാരുടെയും സെക്രട്ടറിമാരുടേയും യോഗം വിളിച്ചു ചേർത്തു. ഭക്തജനങ്ങൾക്ക് ആവശ്യാനുസരണം അപ്പം, അരവണ എന്നിവ ലഭിക്കുന്നതിനായി മുൻകൂട്ടി ശർക്കര ഉണക്കലരി എന്നിവ ശേഖരിക്കാൻ നടപടി സ്വീകരിച്ചു. കണ്ടയിനറുകൾ, ബട്ടർ പേപ്പർ ബാഗുകൾ, ഈസി ഓപ്പൺ ലിഡുകൾ എന്നിവ യഥാസമയം ലഭ്യമാക്കി. അപ്പം, അരവണ അഭിഷേക കൂപ്പണുകൾ ഭക്തജനങ്ങൾക്ക് സൗകര്യപൂർവ്വം ലഭ്യമാക്കുന്നതിന് ധനലക്ഷ്മി ബാങ്കിന്റെ എല്ലാ ബ്രാഞ്ചുകളിലും സംവിധാനം ഏർപ്പെടുത്തി. ഭക്തജനങ്ങൾക്ക് പരമാവധി സ്ഥലസൗകര്യം ലഭിക്കത്തക്കവിധം കടകളുടെ എണ്ണം ഇത്തവണ 25% കുറച്ചു. തീർത്ഥാടകർക്കുള്ള ഇൻഷുറൻസ് പരിരക്ഷയിൽ എരുമേലി മുതൽ ശബരിമല വരെയുള്ള സ്ഥലങ്ങൾകൂടി ഈ വർഷം ഉൾപ്പെടുത്തി. ശബരിമലയിൽ 320 ടോയ്‌ലെറ്റുകൾ, പമ്പയിൽ 160 |

ടോയ്‌ലെറ്റുകൾ, നിലയ്ക്കലിൽ 400 ടോയ്‌ലെറ്റുകൾ എന്നിവ നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. നിലയ്ക്കലിൽ 3 കെട്ടിട സമുച്ചയങ്ങൾ പണി പൂർത്തിയാക്കിവരുന്നു. നിലയ്ക്കലിൽ താല്കാലിക പോലീസ് സ്റ്റേഷൻ നിർമ്മിച്ചു. ടോയ്‌ലെറ്റുകളുടെ ശുചിത്വം ഉറപ്പാക്കാനും നല്ല രീതിയിൽ പ്രവർത്തിപ്പിക്കാനും വേണ്ട സംവിധാനം ഏർപ്പെടുത്തി. പമ്പയിൽ ഒരു പുതിയ നടപ്പന്തൽ നിർമ്മിച്ചു. നീലിമല, അപ്പാച്ചിമേട് എന്നിവിടങ്ങളിൽ 2 പുതിയ കാർഡിയോളജി സെന്ററുകൾ സുസജ്ജമാക്കി പ്രവർത്തനമാരംഭിച്ചു. ചന്ദ്രാനന്ദൻ റോഡ് 7 മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്ത് സഞ്ചാര യോഗ്യമാക്കി. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 400 kg/hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ ശബരിമലയിലും പമ്പയിലും സ്ഥാപിച്ചു. ഭസ്മക്കുളം തുടർച്ചയായി ശുദ്ധീകരിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തി. പോലീസുകാർക്കും മറ്റുദ്യോഗസ്ഥർക്കും ഡോക്ടർമാർക്കും താമസസൗകര്യങ്ങൾ ഇത്തവണ വിപുലപ്പെടുത്തി. ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾയഥാസമയം പൂർത്തീകരിച്ചു. ഞുണങ്ങാറിലും എരുമേലിയിലും നദീജലം ശുദ്ധീകരിക്കുന്നതിനുവേണ്ടി റിവർ ട്രീറ്റ്മെന്റ് ഏർപ്പെടുത്തി. ഭക്തരുടെ സുരക്ഷ ഉറപ്പുവരുത്താനും അത്യാഹിതങ്ങൾ, തിരക്ക് എന്നിവ തടയാനും വിപുലമായ പോലീസ് ബന്തവസ്സ് സ്കീം തയ്യാറാക്കി നടപ്പിലാക്കി. ലോക്കൽ പോലീസ്, ആംഡ് പോലീസ്, കമാന്റോ വിഭാഗം, രഹസ്യാന്വേഷണ വിഭാഗംബോംബ് സ്ക്വാഡുകൾ ടാസ്ക് ഫോഴ്സ്, കേന്ദ്ര ദ്രുതകർമ്മ സേന, കേന്ദ്ര ദുരന്ത നിവാരണ സേന എന്നിവരെ ഡ്യൂട്ടിക്കു നിയോഗിച്ചു ഭക്തർക്ക് സുരക്ഷിതത്വം ഉറപ്പാക്കി. സന്നിധാനത്തെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കാൻ ടാങ്കുകൾ നിർമ്മിക്കുകയും ജലവിതരണം കാര്യക്ഷമമാക്കുകയും ചെയ്തു. മുടക്കമില്ലാതെ വൈദ്യുതി ലഭ്യമാക്കുകയും പ്രസാദങ്ങളുടെ ഗുണനിലവാരമുറപ്പാക്കുകയും കൂടുതൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ സർവ്വീസിലിടുകയും ചെയ്തു. തീർത്ഥാടകർക്കുള്ള ഇൻഷുറൻസ് പരിരക്ഷ എരുമേലിവരെ ദീർഘിപ്പിച്ചു. ദീർഘ നേരം ക്യൂവിൽ നില്ക്കേണ്ടിവരുന്ന ഭക്തജനങ്ങൾക്ക് ഔഷധജലവും ബിസ്കറ്റും ലഭ്യമാക്കി.

(സി) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കേണ്ടത് തിരുവിതാംകൂർ ദേവസ്വം ബോർഡാണ്. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്താനായി ബഹു.ഹൈക്കോടതിയുടെ 02.04.2009 ലെ ഡി.ബി.പി 3/09 നമ്പർ ഉത്തരവു മുഖേന അഡീഷണൽ ചീഫ് സെക്രട്ടറി (ദേവസ്വം)

അദ്ധ്യക്ഷനായും ദേവസ്വം ബോർഡ് മെമ്പർമാർ (നിലവിലുള്ളപ്പോൾ), ദേവസ്വം കമ്മീഷണർ, ബോർഡ് ചീഫ് എഞ്ചിനീയർമാർ, കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, മുഖ്യ വനപാലകർ, ഇക്കൊ സ്മാർട്ട് പ്രതിനിധി എന്നിവർ പ്രധാന അംഗങ്ങളായും ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉന്നതാധികാരസമിതി എല്ലാ ആഴ്ചയും യോഗം ചേരുകയും പദ്ധതികൾ വിശകലനം ചെയ്ത് പ്രവൃത്തികൾ അവലോകനം ചെയ്യുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നുണ്ട്. ബോർഡു ചീഫ് കമ്മീഷണർ കൂടിയായ ബഹു.ദേവസ്വം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മേൽ സമിതി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഉന്നതാധികാര സമിതിയുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ ബോർഡിൽ ഒരു പ്രത്യേക ഓഫീസും പ്രവർത്തിച്ചു വരുന്നു. കൂടാതെ, പദ്ധതികൾ സംബന്ധിച്ച സാങ്കേതിക കാര്യങ്ങൾ പരിശോധിക്കാൻ ഒരു ടെക്നിക്കൽ കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) അടുത്ത സീസൺ ആരംഭിക്കുന്നതിനുമുമ്പ് ഏതെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ശബരിമല മാസ്റ്റർ പ്ലാൻ ഘട്ടംഘട്ടമായി നടപ്പിലാക്കേണ്ട വളരെ ബ്രഹത്തായ ഒരു കർമ്മ പദ്ധതിയാണ്. ഒന്നാം ഘട്ടം 2015 നു മുമ്പും രണ്ടാംഘട്ടം 2050 നുമുമ്പും നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അടുത്ത സീസണിനു മുമ്പ് പൂർത്തിയാക്കാവുന്ന പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതേയുള്ളൂ.

(ഇ) പമ്പാ നദിയിലെ മലിനീകരണം തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

(ഇ) പമ്പാ നദിയിലെ മലിനീകരണം തടയുന്നതിന് കേരള പൊല്യൂഷൻ കൺട്രോൾ ബോർഡും സംയുക്തമായി നടപടി സ്വീകരിച്ചു വരുന്നു. ശബരിമല പമ്പ എന്നീ സ്ഥലങ്ങളിൽ 400 kg/hr ശേഷിയുള്ള ഓരോ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ശബരിമലയിൽ 5 MLD ശേഷിയുള്ളതും പമ്പയിൽ ഇപ്പോൾ നിലവിലുള്ളതിനുപുറമേ 1.5 MLD ശേഷിയുള്ളതുമായ ഓരോപ്ലാന്റു വീതം നിർമ്മിക്കുവാനും കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും നടപടികൾ നടന്നുവരുന്നതുമാണ്. കൂടാത മലിനീകരണം തടയാൻ മലിനീകരണ നിയന്ത്രണ ബോർഡ് ബോധവത്കരണം നടത്തുകയും റിവർ ട്രീറ്റ്മെന്റ് നടത്തുകയും ചെയ്യാറുണ്ട്.

Sulochana (signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 25 — 01.03.2010-ൽ മറുപടിക്ക്

# വിദേശരാജ്യങ്ങളിൽ നിന്നും മടങ്ങിവരുന്നവരുടെ പുനരധിവാസത്തിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ:<br>പ്രൊഫ. എൻ. ജയരാജ് : | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>( മുഖ്യമന്ത്രി) | |
| (എ) | സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് ഗൾഫ് രാജ്യ ങ്ങൾ ഉൾപ്പെടെ വിദേശ രാജ്യങ്ങളിൽ നിന്നും ജോലി നഷ്ടപ്പെട്ട് സ്വദേശത്തേക്ക് ആളുകൾ മടങ്ങി വരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇവരുടെ പുനരധിവാസത്തിന് നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിച്ചു വരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) | പുനരധിവാസം നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ആഗോള സാമ്പത്തിക മാന്ദ്യംമൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയവരുടെ പുനരധിവാസം സംബന്ധിച്ച് സർക്കാർ തലത്തിൽ പദ്ധതികൾ ആലോചിക്കുന്നതിനായി ഇക്കാര്യത്തെ സംബന്ധിച്ച് ഒരു പഠന റിപ്പോർട്ട് തയ്യാറാക്കാൻ സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിനെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. അവരുടെ പഠന റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഈ റിപ്പോർട്ട് പ്രകാരം 2008 ഒക്ടോബർ മുതൽ 2009 ജൂലൈ വരെയുള്ള കാലയളവിൽ 1,73,000 പേർ നാട്ടിൽ മടങ്ങിയെത്തിയെങ്കിലും ഇവരിൽ 37,000 പേർ മാത്രമാണ് ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി മടങ്ങിയെത്തിയവരായി കണ്ടെത്തിയിരിക്കുന്നത്. സാമ്പത്തിക മാന്ദ്യംമൂലമുള്ള പ്രവാസി മലയാളികളുടെ തിരിച്ചുവരവ് ആശങ്കാജനകമായി കണക്കാക്കാനാകില്ല എന്നാണ് സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് നടത്തിയ പഠനത്തിൽ നിന്നും വ്യക്തമാകുന്നത്.

ആഗോള സാമ്പത്തിക മാന്ദ്യംമൂലം രണ്ടുവർഷത്തെയെങ്കിലും പ്രവാസജീവിതം തികയ്ക്കാതെ മടങ്ങേണ്ടിവന്ന പ്രവാസികളുടെ ക്ഷേമത്തിനായി 2009–10 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 10 കോടി രൂപയുടെ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. പദ്ധതി ആവിഷ്ക്കരിക്കുന്നതിനായി നോർക്ക–റൂട്ട്സ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ കൺവീനറായി ഒരു ഏഴംഗസമിതിയെ സർക്കാർ നിയോഗിക്കുകയും സമിതി കരട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചിരിക്കുകയുമാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 26 — 1.3.2010-ൽ മറുപടിക്ക്

# 2010-11 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. തോമസ് ചാഴിക്കാടൻ
ശ്രീ. ജോസഫ് എം.പുതുശ്ശേരി
ശ്രീ. പി.സി. ജോർജ്

**മറുപടി**

ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി)

(എ) 2010-11 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ പദ്ധതി അടങ്കലിനാണ് ആസൂത്രണ ബോർഡ് അംഗീകാരം നൽകിയിട്ടുള്ളത് ;

(എ) 2010-11 സാമ്പത്തിക വർഷം 10,000 കോടി (പതിനായിരം കോടി) രൂപയുടെ പദ്ധതി അടങ്കലിനാണ് സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകാരം നൽകിയിട്ടുള്ളത്.

(ബി) നടപ്പു സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് എത്ര കോടി രൂപയുടെ വർദ്ധനവാണ് ഇതിന് വന്നിട്ടുള്ളത് ;

(ബി) നടപ്പു സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 1060 കോടി രൂപയുടെ വർദ്ധനവാണ് 2010-11-ൽ വന്നിട്ടുള്ളത്.

(സി) വാർഷിക പദ്ധതിക്കായി നീക്കിവയ്ക്കുന്ന തുക ഫലപ്രദമായി ചെലവഴിക്കാൻ കഴിയുന്നില്ലാ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്താണ് ഇതിനു കാരണം ;

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാർഷിക പദ്ധതിക്കായി നീക്കിവയ്ക്കുന്ന തുക ഫലപ്രദമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്ന സംവിധാനങ്ങൾ സർക്കാർ തലത്തിൽ ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ ഭരണ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളിൽ ഭൂരിഭാഗത്തിനും അവശ്യം വേണ്ട വിശദാംശങ്ങൾ അടങ്ങിയ പ്രോജക്റ്റ് റിപ്പോർട്ടിന്റെ (Detailed Project Report - DPR) അഭാവം മൂലം പദ്ധതി വിശകലനം ചെയ്യുന്നതിനും വിവിധ ഘടകങ്ങൾ തീരുമാനിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും കാലതാമസം നേരിടാനും പദ്ധതി നിർവ്വഹണം മന്ദഗതിയിലാകാനും ഇടയാകുന്നുണ്ട്.

(ഡി) നടപ്പു സാമ്പത്തിക വർഷം ജനുവരി 31 വരെ വാർഷിക പദ്ധതിയുടെ എത്ര ശതമാനം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

(ഡി) നടപ്പു സാമ്പത്തിക വർഷം ജനുവരി 31 വരെ വാർഷിക പദ്ധതിയുടെ 49 ശതമാനം ചെലവഴിച്ചു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 27** 1.3.2010 ലെ മറുപടിക്ക്

## സർക്കാർ പ്രസ്സുകളുടെ നവീകരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.യൂസഫ്<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.എം.കെ.പുരുഷോത്തമൻ | ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി<br>(ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) സർക്കാർ പ്രസ്സുകളുടെ നവീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീമതി.ഇന്ദിര ചന്ദ്രശേഖർ ചെയർപേഴ്സണായി ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ പ്രസ്സുകളുടെ നവീകരണത്തിന്റെ ഭാഗമായി ഒരു ഫോർ കളർ ഷീറ്റ് ഫെഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ, രണ്ട് ഫോൾഡിംഗ് മെഷീൻ, ഒരു സിറ്റിപി (കമ്പ്യൂട്ടർ ടു പ്ലേറ്റ്) മെഷീൻ എന്നിവ വാങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ട് സോം-236 (2 കളർ), 6 സോം 136(1 കളർ) എന്നിവ വാങ്ങുന്നതിനുള്ള നിർദ്ദേശം പരിശോധനയിലാണ്.<br><br>ഗവൺമെന്റ് സെൻട്രൽ പ്രസ്സിനും, കൊല്ലം ഗവൺമെന്റ് പ്രസ്സിനും പുതിയ കെട്ടിടം പണിയുന്നതിനും വയനാട് ഗവൺമെന്റ് പ്രസ്സിനും, കണ്ണൂർ ഗവൺമെന്റ് പ്രസ്സിനും ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനും, ഷൊർണ്ണൂർ |

(......2)

| | | | |
|---|---|---|---|
| | | | ഗവൺമെന്റ് പ്രസ്സിൽ റീൽ പേപ്പർ ഗോഡൗൺ, വേസ്റ്റ് പേപ്പർ ഗോഡൗൺ നിർമ്മിക്കുന്നതിനും, വിവിധ പ്രസ്സുകളിൽ ഇലക്ട്രിക് കപ്പാസിറ്ററുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നവീകരണത്തിന്റെ ഭാഗമായി ഈ വർഷം എത്രകോടി രൂപയുടെ യന്ത്രസാമഗ്രികൾ വാങ്ങിയിട്ടുണ്ട് ; | (ബി) | നവീകരണത്തിനായി 98,03,553/- രൂപയ്ക്ക് (തൊണ്ണൂറ്റി എട്ട് ലക്ഷത്തി മൂവായിരത്തി അഞ്ഞൂറ്റി അൻപത്തി മൂന്ന് രൂപാ മാത്രം) യന്ത്രസാമഗ്രികൾ വാങ്ങിയിട്ടുണ്ട്. |
| (സി) | ജീവനക്കാർക്ക് പുതിയ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ; | (സി) | ജീവനക്കാർക്ക് പുതിയ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകി വരുന്നുണ്ട്. |
| (ഡി) | ലറ്റർ പ്രസ്സ് കമ്പോസിംഗ് സമ്പ്രദായം പൂർണ്ണമായും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) | ലെറ്റർ പ്രസ്സ് കമ്പോസിംഗിൽ പുതിയതായി നിയമനം നടത്തുന്നില്ല. നിലവിലുള്ള ജീവനക്കാർക്ക് പടിപടിയായി ഡിറ്റിപിയിൽ പരിശീലനം നൽകി വരുന്നു. |
| (ഇ) | സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ അച്ചടി നിർവഹിക്കുന്നതിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ? | (ഇ) | പുരോഗതി ഉണ്ടായിട്ടുണ്ട്. എല്ലാ അച്ചടി ജോലികളും കഴിഞ്ഞ കൊല്ലത്തേക്കാൾ കൂടുതൽ ഗുണനിലവാരത്തിൽ അച്ചടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 28 — 01-03-2010-ൽ മറുപടിയ്ക്ക്

## സംസ്ഥാന സിവിൽ സർവ്വീസ് ട്രൈബ്യൂണൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>ശ്രീ.കെ.കെ.ഷാജു | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ ന്യായമായും, സമയബന്ധിതമായും നടപ്പാക്കുന്നതിന് രൂപീകരിച്ച സിവിൽ സർവ്വീസ് ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ വരുന്ന കാലതാമസത്തിനുള്ളകാരണം വ്യക്തമാക്കാമോ;<br>ബി) ഈ ട്രൈബ്യൂണൽ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | എ) യും ബി) യും | 1985-ലെ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽസ് ആക്ട് പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ആക്ടിലെ സെക്ഷൻ 4 സബ് സെക്ഷൻ (2) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുകയാണ്.<br>കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ട്രൈബ്യൂണലിന്റെ ചെയർമാനെ നിയമിച്ച് രാഷ്ട്രപതി ഉത്തരവാകുകയും ചെയ്യുന്ന മുറക്ക് ട്രൈബ്യൂണലിന്റെ പ്രവർത്തനം ആരംഭിക്കും. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :29.

1..3..2010-ൽ മറുപടിക്ക്

### "ആർ. ഹേലി കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ടി.എ. റഹീം എം.എൽ.എ.:<br>ശ്രീ. എ.സി. മൊയ്തീൻ എം.എൽ.എ.:<br>ശ്രീ. കെ. കുഞ്ഞിരാമൻ എം.എൽ.എ:<br>ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ.:<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ.: | ശ്രീ. സി. ദിവാകരൻ<br>ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി |
| (എ) ക്ഷീര-മൃഗസംരക്ഷണ മേഖലയിലെ ഉൽപാദനം മെച്ചപ്പെടുത്തുന്നതിന് ശുപാർശകൾ നൽകുന്നതിന് നിയോഗിച്ചിരുന്ന ആർ. ഹേലി കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; | (എ) ക്ഷീര-മൃഗസംരക്ഷണ മേഖലയിലെ ഉൽപാദനം മെച്ചപ്പെടുത്തുന്നതിനായി ശ്രീ. ആർ. ഹേലി ചെയർമാനായുള്ള കമ്മിറ്റി പ്രധാനമായും 58 ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത ശുപാർശകൾ അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (ബി) ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ക്ഷീര-മൃഗസംരക്ഷണ മേഖലയിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് ശുപാർശ ചെയ്തിട്ടുള്ളത്; | (സി) ക്ഷീര-മൃഗസംരക്ഷണ മേഖലയിൽ കൃഷിക്കാർക്ക് നേരിട്ട് 963 കോടി രൂപയും, വിവിധ സ്ഥാപനങ്ങളിലൂടെ 277 കോടി രൂപയും, ഗുണഭോക്തൃ വിഹിതമായി 2000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്. |
| (ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതു സംബന്ധിച്ചും, ഇതിനായി കേന്ദ്ര സർക്കാർ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്ന കാര്യം സർക്കാർ സജീവമായി പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 30

1.3.2010 ൽ
മറുപടിയ്ക്ക്

## ടെക്നോസിറ്റി പദ്ധതി

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ് ;
ശ്രീ. ആനത്തലവട്ടം ആനന്ദൻ ;
ശ്രീമതി കെ. അരുന്ധതി ;
ശ്രീ. വി. ശിവൻകുട്ടി ;
ശ്രീ. വി.കെ. തങ്കപ്പൻ ;

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) ടെക്നോപാർക്കിന്റെ നാലാംഘട്ട വികസനമായ ടെക്നോസിറ്റി പദ്ധതി നടപ്പാക്കുന്നതിനായി ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

ബി) പദ്ധതിക്കായി ആകെ എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട് ;

(എ) ആന്റ് (ബി)

ടെക്നോപാർക്കിന്റെ നാലാംഘട്ട വികസനമായ ടെക്നോസിറ്റി പദ്ധതി നടപ്പാക്കുന്നതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതിക്കായി നാളിതുവരെ 428 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

സി) ടെക്നോസിറ്റി പദ്ധതിയിൽ ഐ.ടി. യ്ക്കും ഐ.ടി. അനുബന്ധ മേഖലയ്ക്കും പുറമെ എന്തെല്ലാം വ്യവസായങ്ങളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ;

സി) സർക്കാർ നിയമപ്രകാരമുള്ള support Social infrastructure ഡെവലപ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

ഡി) പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ;

ഡി) പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി അപ്രോച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് ടെക്നോപാർക്കിന്റെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡ് അനുമതി നല്കിയിട്ടുണ്ട്. ഈ അപ്രോച്ച് റോഡ് നിർമ്മാണം ഒരു ഡെപ്പോസിറ്റ് വർക്കായി കേരള PWD ക്ക് അവാർഡ് ചെയ്യാനും തീരുമാനമായിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതിക്കാവശ്യമായ വെള്ളം വാമനപുരം നദിയിൽ നിന്നും ലഭ്യമാക്കുന്നതിനു വേണ്ടി കേരള വാട്ടർ അതോറിട്ടിയുടെ കൺസൾട്ടൻസി വിഭാഗമായ WASCON ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ടെക്നോപാർക്കിന് വൈദ്യുതി വിതരണത്തിനുള്ള ലൈസൻസ് നേടിയെടുക്കാനായി KSEB യെ സമീപിച്ചിട്ടുണ്ട്. പദ്ധതിക്കായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാനുള്ള ആർക്കിടെക്ടിന്റെ

തെരഞ്ഞെടുക്കൽ പ്രക്രിയ നടന്നുവരുന്നു. അടിസ്ഥാനസൗകര്യ വികസനത്തിന് വേണ്ടിയുള്ള ഫണ്ടിനായി **Japan International Co operation Agency (JICA)** യെ സമീപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഇ) ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഇ) ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 10 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പം **Site Development works, Embankment Protection Works,** മറ്റ് ടെൻഡർ നടപടികൾ എന്നിവ പുരോഗമിക്കുന്നു. കൂടാതെ ഐ.ടി. കമ്പനികൾക്കും ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പേഴ്സിനും സ്ഥലം നൽകുന്നത് സംബന്ധിച്ച് ഒരു സ്കീമും പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ